നം.കെ.എസ്.എ ടിഡ 2/91/2016 തീയതി : 07.06.2017

**1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം**

**വകുപ്പ് 13 പ്രകാരവും**

**1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ**

**ചട്ടം 18 പ്രകാരവും**

**1984 ലെ കേരള വികസന അതോറിറ്റി ചട്ടങ്ങളിലെ**

**67(3), 67(4) ചട്ടങ്ങൾ പ്രകാരവും**

**പുറപ്പെടുവിക്കുന്ന**

**തിരുവനന്തപുരം വികസന അതോറിറ്റിയുടെ**

**2015-16 സാമ്പത്തിക വർഷത്തെ കണക്കുകളിന്മേലുള്ള**

# ഓഡിറ്റ് റിപ്പോർട്ട്

# വിഷയസൂചിക

| ഖണ്ഡിക നം | വിവരണം | പേജ് നം |
|---|---|---|
| | ഭാഗം 1 | |
| 1(1) | പൊതു അവലോകനം | |
| 1(2) | ബജറ്റ് അവലോകനം | |
| 1(3) | വാർഷിക കണക്കുകൾ | |
| 1(4) | പ്രൊവിഡന്റ് ഫണ്ട് | |
| 1(5) | പെൻഷൻ ഫണ്ട് | |
| 1(6) | ആസ്തികൾ – ബാദ്ധ്യതകൾ | |
| | ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2(1) | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് | |
| 2(2) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള അംശദായം പിരിച്ചെടുക്കുന്നില്ല | |
| 2(3) | വാടക കുടിശ്ശിക പിരിച്ചെടുക്കാൻ ബാക്കി– 12741111/– രൂപ | |
| 2(4) | റവന്യൂ റിക്കവറി പ്രകാരം പിരിച്ചെടുക്കാനുള്ള വാടകക്കുടിശ്ശിക – നടപടികൾ ഊർജ്ജിതമല്ല. | |
| 2(5) | തിരുവനന്തപുരം നഗരസഭയ്ക്ക് 99 വർഷത്തേക്ക് കടമുറികൾ പാട്ടത്തിന് നൽകിയിരിക്കുന്നത് പാട്ടക്കരാർ വയ്ക്കാതെ ; നഗരസഭ ട്രിഡയ്ക്ക് നൽകുവാനുള്ള മെയിന്റനൻസ് ചാർജ്ജ് കുടിശ്ശിക ₹19,61,774/– | |
| 2(6) | വാടകക്കരാർ പുതുക്കാതെ കടമുറികൾ പ്രവർത്തിക്കുന്നു. | |
| 2(7) | വാടക വർദ്ധനവ് കാലാനുസൃതമല്ല. | |
| 2(8) | 99 വർഷത്തേക്ക് പാട്ടത്തിനു നൽകിയ കടമുറിയ്ക്ക് വിലക്കയറ്റത്തിന് ആനുപാതികമായി മെയിന്റനൻസ് ചാർജ്ജ് വർദ്ധിപ്പിക്കുന്നില്ല. | |
| 2(9) | കടമുറികൾ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നു | |
| 2(10) | കൺസ്യൂമർ ഫെഡ് – വാടക കരാർ പുതുക്കുന്നില്ല – വാടക കുടിശിക ഈടാക്കുന്നില്ല; ഒടുക്കിൽ കുറവ് ₹24,26,337.95 | |
| 2(11) | അപ്രന്റീസ് ട്രെയിനികൾക്ക് നൽകിയ സ്റ്റൈപന്റ് – കേന്ദ്ര സർക്കാരിൽ നിന്ന് 2001 മുതൽ ലഭിക്കുവാനുള്ള തുക ലഭ്യമാക്കിയിട്ടില്ല. | |
| | ഭാഗം 3<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3(1) | | |
| 3(2) | സേവനപുസ്തകപരിപാലനത്തിലെ അപാകതകൾ | |

| | | |
|---|---|---|
| 3(3) | പദ്ധതി അവലോകനം | |
| 3(4) | ഭവനവായ്പ-വ്യക്തികളിൽ നിന്ന് ഈടാക്കാൻ അവശേഷിക്കുന്നത്<br>₹56,82,840/- | |
| | **ഭാഗം 4**<br>**ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4(1) | ഗ്രാന്റ്, പ്ലാൻഫണ്ട് വിവരങ്ങൾ | |
| 4(2) | ട്രിഡയുടെ ബാദ്ധ്യതകൾ | |
| 4(3) | തീർപ്പാക്കിയ ബാദ്ധ്യത | |
| 4(4) | മുൻകൂറുകൾ ക്രമപ്പെടുത്തുന്നില്ല | |
| 4(5) | സാമ്പത്തിക വിശകലനം | |
| 4(6) | ഓഡിറ്റ് ചാർജ്ജ് | |
| 4(7) | ഓഡിറ്റ് പ്രത്യവലോകനം | |
| 4(8) | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | |
| | **അനുബന്ധം** | |
| | 1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| | 2 ട്രിഡയുടെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ | |
| | 3.1994- 95 മുതൽ 2015-16 വരെ സർക്കാരിൽ നിന്നും എടുത്തിട്ടുള്ള വായ്പകളുടെ വിശദവിവരം | |
| | 4.ട്രിഡയുടെ ആസ്തി | |

## തിരുവനന്തപുരം വികസന അതോറിറ്റിയുടെ 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

തിരുവനന്തപുരം വികസന അതോറിറ്റി ഓഡിറ്റിനായി സമർപ്പിച്ചിട്ടുള്ള 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക 1984 - ലെ കേരള വികസന അതോറിറ്റി ചട്ടങ്ങളുടേയും 1994 - ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെയും 1996 - ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ഓഡിറ്റിനു വിധേയമാക്കി.

**ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നതിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും**
: ശ്രീ.പ്യാരിലാൽ. റ്റി.സി,
ഡെപ്യൂട്ടി ഡയറക്ടർ

**ഓഡിറ്റ് കാലയളവ്** : 01.04.2015 മുതൽ 31.03.2016 വരെ

**ഉത്തരവാദിയായ ഉദ്യോഗസ്ഥർ**

**ചെയർമാൻ** : ശ്രീ.പി.കെ.വേണുഗോപാൽ
(1.04.2015 മുതൽ 31.03.2016 വരെ)

**സെക്രട്ടറി** : ശ്രീ.ജെ.ജയകുമാർ, ടൌൺപ്ലാനർ,
01.04.2015 മുതൽ 31.03.2016 വരെ
(അധികച്ചുമതല)

**അക്കൗണ്ട്സ് ഓഫീസർ** : ശ്രീ. എസ്. മോഹൻദാസ്
01.04.2015 മുതൽ 31.03.2016 വരെ

**അഡ്മിനിസ്ട്രേറ്റീവ് & റവന്യൂ ഓഫീസർ** : ശ്രീമതി. മേരി ജൂഡിത്ത്
01.04.2015 മുതൽ 31.03.2016 വരെ

**ഓഡിറ്റിനു വിനിയോഗിച്ച സമയം** : 15.03.2017 മുതൽ 15.05.2017 വരെ

**ഓഡിറ്റ് ചെയ്ത കണക്കുകൾ**

തിരുവനന്തപുരം വികസന അതോറിറ്റിയുടെ 2015-16 വർഷത്തെ വരവ് - ചെലവ് കണക്കുകൾ ഓഡിറ്റിനു വിധേയമാക്കി. പണം വരവ്, അവയുടെ ഒടുക്ക് എന്നിവ സമകാലികമായി പരിശോധിച്ചു വരുന്നു.

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം**

1. ശ്രീമതി.സിന്ധുലാബീവി, ഓഡിറ്റ് ഓഫീസർ
2. ശ്രീമതി.ശോശാമ്മ. എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ശ്രീമതി.ദീപ.സി.എൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

# ഭാഗം 1

## 1(1) പൊതു അവലോകനം

തിരുവനന്തപുരം നഗരത്തിന്റെയും സമീപസ്ഥലങ്ങളായ പഞ്ചായത്തു കളുടേയും ആസൂത്രിതവും ശാസ്ത്രീയവുമായ വികസനം നടപ്പാക്കുന്നതിനായി രൂപീകരിച്ച സർക്കാർ ഏജൻസിയാണ് തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ).1980 ൽ ട്രാവൻകൂർ ടൌൺ പ്ളാനിംഗ് ആക്ട് 1108 സെക്ഷൻ 53(എ), ജി.ഒ (എം.എസ്) 111/1980/എൽ.എ & എസ്.ഡബ്ള്യു.ഡി തീയതി 15.05.1980 എന്നിവയിലൂടെയാണ് ട്രിഡ രൂപീകൃതമായത്. തിരുവനന്തപുരം നഗരസഭയും 5 ഗ്രാമ പഞ്ചായത്തുകളും ഉൾപ്പെടുന്ന 293.65 ചതുരശ്ര കിലോമീറ്റർ പ്രദേശമാണ് ട്രിഡയുടെ വികസനമേഖല.

തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)യുടെ പ്രവർത്തന പരിധിയിൽവരുന്ന പ്രദേശങ്ങളുടെ വിവരങ്ങൾ.

| ക്രമ നം | പ്രദേശം | വിസ്തീർണ്ണം (ച.കി.മി) |
|---|---|---|
| 1 | തിരുവനന്തപുരം നഗരസഭ | 212.67 |
| 2 | കല്ലിയൂർ ഗ്രാമപഞ്ചായത്ത് | 17.23 |
| 3 | പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് | 21.7 |
| 4 | വെങ്ങാനൂർഗ്രാമപഞ്ചായത്ത് | 10.61 |
| 5 | വിളപ്പിൽ ഗ്രാമപഞ്ചായത്ത് | 19.42 |
| 6 | വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് | 12.02 |
| **ആകെ** | | **293.65** |

<u>ട്രിഡയുടെ പ്രധാന മൂലധനസ്രോതസ്സുകൾ</u>

* തിരുവനന്തപുരം നഗരസഭയിൽ നിന്നും മറ്റ് ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്ന സെന്റേജ് ചാർജ്ജ്.
* ഷോപ്പിംഗ് കോംപ്ലക്സുകൾ ഉൾപ്പെടെയുള്ള ആസ്തികളിൽ നിന്നുമുള്ള വരവുകൾ.
* സർക്കാരിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പകൾ

* വികസന സെസ്സ്

* ഡിബഞ്ചറുകൾ വഴിയുള്ള ധനസമാഹരണം

<u>ട്രിഡയുടെ ഘടന</u>

മെമ്പർ സെക്രട്ടറിയാണ് സ്ഥാപന മേധാവി . ടൌൺ പ്ലാനർ മേധാവിയായ പ്ലാനിംഗ് വിംഗ്, ചീഫ് എഞ്ചിനിയർ മേധാവിയായ എഞ്ചിനിയറിംഗ് വിംഗ്, അഡ്മിനിസ്ട്രേറ്റീവ് &റവന്യൂ ഓഫീസർ മേധാവിയായ അഡ്മിനിസ്ട്രേറ്റീവ് & റവന്യൂ വിംഗ്, അക്കൌണ്ട്സ് ഓഫീസർ മേധാവിയായ അക്കൌണ്ട്സ് വിംഗ് എന്നിവയാണ് ട്രിഡയിലെ പ്രധാന സെക്ഷനുകൾ.




25 അംഗങ്ങളുള്ള ജനറൽ കൌൺസിലാണ് ട്രിഡയുടെ നയരൂപീകരണ സമിതി. ജനറൽ കൌൺസിൽ തീരുമാനിക്കുന്ന നയ പരിപാടികൾ നടപ്പിലാക്കുന്നത് കാര്യനിർവ്വാഹക സമിതിയാണ് . 10 അംഗങ്ങളാണ് കാര്യനിർവ്വാഹക സമിതിയിലുള്ളത്. കാര്യനിർവ്വാഹക സമിതി നടപ്പിലാക്കുന്ന നയപരിപാടികൾ കാലാകാലങ്ങളിൽ ജനറൽ കൌൺസിൽ വിലയിരുത്തുന്നു.

2015-16 വർഷം ജനറൽ കൌൺസിൽ രണ്ട് പ്രാവശ്യവും കാര്യനിർവ്വാഹക സമിതി 4 പ്രാവശ്യവും യോഗം ചേർന്നിട്ടുണ്ട്.

ട്രിഡയുടെ പങ്കാളിത്തത്തോടെ സംസ്ഥാനസർക്കാർ ആവിഷ്കരിച്ച തലസ്ഥാന വികസന പദ്ധതിയുടെ ഒന്നാം ഘട്ട പ്രവർത്തികളാണ് ഈ കാലയളവിനുള്ളിൽ തുടർന്നുവരുന്ന പദ്ധതികൾ . പാളയം അർബൻ റിന്യൂവൽ പ്രോജക്ടിൻെറ ഭാഗമായി പാളയത്ത് കാർ പാർക്കിംഗിനുള്ള പ്രോജക്ട്,പാളയം എ ബ്ലോക്കിൻെറ നിർമ്മാണം ,പാളയം സി ബ്ളോക്ക് നിർമ്മാണം എന്നീ പദ്ധതികളും ചാല വിശദ നഗരാസൂത്രണ പദ്ധതിയിലുൾപ്പെടുത്തിയ ചാല പാർക്കിംഗ് പ്ളാസ,

പുനരധിവാസ ബ്ളോക്ക് പദ്ധതികളും കഴക്കൂട്ടം പദ്ധതികളിലുൾപ്പെട്ട കഴക്കൂട്ടത്തെ ബസ്സ്സ്ററാൻറ് ,വാണിജ്യസമുച്ചയം പദ്ധതികളും 15-16 കാലയളവിലാണ് നടപ്പിലാക്കുന്നതിനുള്ള ടെണ്ടർനടപടികൾ പൂർത്തികരിച്ച് ,കരാർ ഒപ്പു വച്ച് ,ആദ്യ ഗഡു നല്കിയത്.

ആറ്റുകാൽ വികസന പദ്ധതികളും കരമന കിള്ളിയാർ പുനരുജ്ജീവന പദ്ധതികളുടെയും നോഡൽ ഏജൻസിയായും ട്രിഡ മേൽനോട്ടം വഹിക്കുന്നു.

തകരപ്പറമ്പ് മേൽപ്പാലം, പാളയത്തുള്ള സി ബ്ളോക്ക് നിർമ്മാണം എന്നീ പണികൾ പൂർത്തീകരിച്ചത് ഈ കാലയളവിലാണ്.

30 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച കിഴക്കേക്കോട്ട അട്ടക്കുളങ്ങരയിലെ 5.5 ഏക്കർ സ്ഥലത്തിന്റെ ബസ്സ്സ്ററാൻറ് നിർമ്മാണം , പുനരധിവസിപ്പിക്കപ്പെടുന്നവർക്കുവേണ്ടിയുള്ള ബ്ലോക്ക്, വ്യാപാര സമു,സ്കൂൾ അടിസ്ഥാന സൌകര്യവികസന പദ്ധതി എന്ന പ്രൊജക്ട് ഉപേക്ഷിക്കപ്പെട്ട നിലയിലാണിപ്പോൾ.

<u>ജീവനക്കാരുടെ വിവരം</u>

2015-16 വർഷം ചെയർമാൻ ഉൾപ്പെടെ 69 സ്ഥിരം തസ്തികകളാണ് ട്രിഡയിൽ ഉള്ളത്. ഇതിൽ 26 പേർ ട്രിഡയുടെ സ്വന്തം ജീവനക്കാരും 14 പേർ ഡെപ്യൂട്ടേഷനിലുമാണ്. 29 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു.

## 1(2) ബജറ്റ് അവലോകനം

2015-16 ലെ ബജറ്റിൽ 52,598.422 ലക്ഷം രൂപ വരവും (മുന്നിരിപ്പ് 532.132 രൂപ ഉൾപ്പെടെ) 51,462.550 ലക്ഷം രൂപ ചെലവും 1,135.872 ലക്ഷം രൂപ മിച്ചവും പ്രതീക്ഷിച്ചിരുന്നു.

റിവൈസ്ഡ് ബജറ്റ് 2015-16 പ്രകാരം വരവ് 11,026.74 ലക്ഷം രൂപയും (മുന്നിരിപ്പ് 567.524 ലക്ഷം രൂപ ഉൾപ്പെടെ), ചെലവ് 8,773.250 ലക്ഷം രൂപയും, മിച്ചം 2,253.464 ലക്ഷം രൂപയുമാണ്.

ബജറ്റ്, റിവൈസ്ഡ് ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ പ്രകാരമുള്ള വരവ് - ചെലവ് ഒറ്റനോട്ടത്തിൽ

| ഇനം | ബജറ്റ് | റിവൈസ്ഡ് ബജറ്റ് | വാർഷിക കണക്കുകൾ |
|---|---|---|---|
| വരവ് (ലക്ഷത്തിൽ) | 52,598.422 | 11,026.74 | 3921.23058 |
| ചെലവ് (ലക്ഷത്തിൽ) | 51,462.550 | 8,773.250 | 2653.34732 |
| മിച്ചം (ലക്ഷത്തിൽ) | 1,135.872 | 2,253.464 | 1267.88325 |

ബജറ്റിലെയും റിവൈസ്ഡ് ബജറ്റിലെയും വാർഷിക കണക്കുകളിലെയും വരവ് ചെലവ് കണക്കുകൾ തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. ബജറ്റിൽ വിഭാവനം ചെയ്ത വരവിന്റെ 20.96% ഉം, ചെലവിന്റെ 17.04% ഉം മാത്രമാണ് റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള വരവു ചെലവുകൾ . കൂടാതെ, ബജറ്റ് പ്രകാരമുള്ള വരവിന്റെ 7.45 ശതമാനവും (റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള വരവിന്റെ 35.56%) ചെലവിന്റെ 5.15% ഉം (റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള ചെലവിന്റെ 30.24%) മാത്രമാണ് വാർഷിക കണക്കുകൾ പ്രകാരമുള്ള യഥാർത്ഥ വരവു ചെലവുകൾ.

വൻ തുകകൾ വരവ് ചെലവുകളായി ഉൾപ്പെടുത്തി തയ്യാറാക്കുന്ന ബജറ്റിലെയും റിവൈസ്ഡ് ബജറ്റിലെയും കണക്കുകൾക്ക് യഥാർത്ഥ വരവ് ചെലവു കണക്കുകളുമായി യാതൊരു ബന്ധവുമില്ല . റിവൈസ്ഡ് ബജറ്റിന്റെ പോലും 40% ൽ താഴെയാണ് യഥാർത്ഥ വരവ് ചെലവ് കണക്കുകൾ . അനാവശ്യമായി വൻ തുകകൾ വരവ് ചെലവായി കാണിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കുന്ന രീതി ഒഴിവാക്കേണ്ടതും , മുൻ കാലങ്ങളിലെ യാഥാർത്ഥ വരവ് ചെലവുകളും ഭാവിയിൽ ഉണ്ടാകാവുന്ന വരവ് ചെലവുകളും പരിഗണിച്ച്, യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കേണ്ടതും ആണ്. റിവൈസ്ഡ് ബജറ്റ് തയ്യാറാക്കുന്നതു വരെയുള്ള യഥാർത്ഥ വരവ് ചെലവ് കണക്കുകളിൽ നിന്നും , ബജറ്റിലെ വരവ് ചെലവു കണക്കുകളിൽ വരുന്ന വ്യതിയാനങ്ങൾക്ക് അനുസൃതമായി മാത്രം റിവൈസ്ഡ് ബജറ്റ് പുറപ്പെടുവിക്കേണ്ടതാണ്. ബജറ്റുമായി ബന്ധപ്പെട്ട പ്രധാന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

## (എ) സംസ്ഥാന സർക്കാർ ബജറ്റിൽ അനുവദിച്ച ഗ്രാന്റ് പൂർണ്ണമായും നേടിയെടുത്തില്ല

2015-16 സംസ്ഥാന ബജറ്റിൽ ട്രിഡയ്ക്ക് 25 കോടി രൂപ ഗ്രാന്റായി അനുവദിച്ചിട്ടുണ്ടെന്ന്, 2015-16 ലെ ട്രിഡ ബജറ്റിൽ (പേജ് നം.9) പ്രതിപാദിച്ചിട്ടുണ്ട്. വാർഷിക കണക്കുകൾ 2015-16 പ്രകാരം 21,97,68,195/- രൂപ ഗ്രാന്റ് ലഭിച്ചിരിക്കുന്നു. സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തിയ ഗ്രാന്റ് പൂർണ്ണമായും നേടിയെടുക്കാൻ സാധിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/2014-15 തീയതി.13.12.2016) മറുപടി ലഭ്യമാക്കിയിട്ടില്ല. സംസ്ഥാന സർക്കാർ അനുവദിച്ച ഗ്രാന്റ് നേടിയെടുക്കാത്തത് ട്രിഡയുടെ വീഴ്ചയാണ്. സംസ്ഥാന സർക്കാർ ബജറ്റിൽ ട്രിഡയ്ക്ക് ആവശ്യമായ ഗ്രാന്റുകൾ ഉൾപ്പെടുത്തുന്നതിനും , ആയവ നേടിയെടുക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിനും കൗൺസിലിന്റെയും അധികാരികളുടെയും ഭാഗത്തുനിന്നും പരമാവധി പരിശ്രമം ഉണ്ടാകേണ്ടതും, ഗ്രാന്റുകൾ നേടിയെടുത്ത് ട്രിഡയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടതും ആണ്.

## (ബി) ബജറ്റിൽ അധികരിച്ച ചെലവുകൾ

2015-16 സാമ്പത്തിക വർഷത്തെ ബജറ്റ്, റിവൈസ്ഡ് ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ പ്രകാരം ബജറ്റ് വിഹിതത്തേക്കാൾ (റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക) അധികരിച്ച തുകകൾ താഴെ സൂചിപ്പിച്ചിട്ടുള്ള ഇനങ്ങൾക്ക് ചെലവാക്കിയിരിക്കുന്നു.

| ക്രമ നം. | ഇനം | ബജറ്റ് വിഹിതം (റിവൈസ്ഡ് ബജറ്റ് 2015-16 പ്രകാരം) (തുക രൂപയിൽ) | ചെലവ് (വാർഷിക കണക്കുകൾ 2014-15 പ്രകാരം) (തുക രൂപയിൽ) | ബജറ്റ് വിഹിതത്തേക്കാൾഅധികം ചെലവാക്കിയ തുക (തുക രൂപയിൽ) |
|---|---|---|---|---|
| 1 | പാളയം എ ബ്ലോക്ക് | 10,00,00,000 | 10,01,30,609 | 1,30,609 |
| 2 | സർവ്വീസ് ടാക്സ് | 38,00,000 | 39,30,632 | 1,30,632 |
| 3 | വാട്ടർ ചാർജസ് | 3,50,000 | 3,90,596 | 40,596 |
| 4 | ഇൻകം ടാക്സ് ഫ്രം സാലറി | 5,00,000 | 6,52,401 | 1,52,401 |

ബജറ്റ് വിഹിതത്തേക്കാൾ അധികരിച്ച ചെലവു ചെയ്യുന്നത് തെറ്റായ നടപടിയാണ്. ഒഴിവാക്കാൻ കഴിയാത്ത അത്യാവശ്യ സാഹചര്യങ്ങളിൽ കൗൺ

സിലിന്റെ അംഗീകാരത്തോടു കൂടി മാത്രം ബജറ്റിൽ അധികരിച്ച തുകകൾ ചെലവഴിക്കേണ്ടതാണ്.

### 1(3) വാർഷിക കണക്കുകൾ

25.05.2016 ന് ഭരണസമിതി പിരിച്ച് വിട്ടതിനാൽ ഭരണസമിതി അംഗീകരിക്കാത്ത വാർഷിക കണക്കുകൾ 28.05.2016 ന് ഓഡിറ്റിന് സമർപ്പിച്ചു. പുതിയ ഭരണ സമിതി 06.06.2015 ൽ നിലവിൽ വന്ന സാഹചര്യത്തിൽ വാർഷിക കണക്കുകൾ 9.02.2017 ഭരണസമിതി അംഗീകരിച്ച് ഓഡിറ്റിന് പുനർസമർപ്പിച്ചു.

**<u>വരവ്</u>**

മുന്നിരിപ്പ് - ₹5,67,52,476.00

റവന്യൂ - ₹25,68,69,473.31

മൂലധനം - ₹1,56,59,743.00

ഋണശീർഷം - ₹6,28,41,366.00

----------------------

**ആകെ - ₹39,21,23,058.31**

**<u>ചെലവ്</u>**

റവന്യൂ - ₹ 1,74,64,302.70

മൂലധനം - ₹21,21,95,422.00

ഋണശീർഷം - ₹<u>3,56,75,008.00</u>

**ആകെ - ₹26,53,34,732.70**

**നീക്കിയിരിപ്പ് - ₹12,67,88,325.61**

(₹39,21,23,058.31 – ₹26,53,34,732) =============

വാർഷിക കണക്കുകളിലെ നീക്കിയിരിപ്പ് തുക ക്യാഷ്ബുക്ക്, ബാങ്ക് / ട്രഷറി പാസ്സ്ബുക്കുകൾ എന്നിവയിലെ തുകകളുമായി പൊരുത്തപ്പെടുന്നു.

**(a)**ഡി.സി.ബി പത്രികയിലെ തുകയും വാർഷിക ധനകാര്യ പത്രികയിലെ തുകയും പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡി.സി.ബി പത്രിക പ്രകാരമുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|
| കടമുറികളുടെ ആകെ വാടക ('സി'ബ്ലോക്ക് കോംപ്ലക്സും കേദാരം– | 26549799 | 27891890 |

| | | |
|---|---|---|
| മെയിന്റനൻസ് ചാർജ്ജും ഒഴികെ) | | |
| 'സി'ബ്ലോക്ക് കോംപ്ലക്സ് വാടക | 651156 | ചേർത്തിട്ടില്ല |
| പാർക്കിംഗ് ഫീ – behind പാളയം&സാഫല്യം | ചേർത്തിട്ടില്ല | 976078 |
| ടാക്സി പാർക്കിംഗ് -മെഡിക്കൽ കോളേജ് | 58560 | ചേർത്തിട്ടില്ല |
| ടോയിലറ്റ് ബ്ലോക്ക് near ബസ് സ്റ്റാന്റ് & മെഡിക്കൽ കോളേജ് | 193260 | ചേർത്തിട്ടില്ല |

**(b)**കടമുറികളുടെ വാടക -ഡി.സി.ബി പത്രിക 2014-15 പ്രകാരമുള്ള നീക്കിയിരിപ്പും 2015-16 ലെ മുന്നിരിപ്പും പൊരുത്തപ്പെടുന്നില്ല.

| കടമുറി | 2014-15 ഡി.സി.ബി പത്രിക പ്രകാരമുള്ള നീക്കിയിരുപ്പ് | 2015-16 ഡി. സി.ബി പ്രകാരമുള്ള മുന്നിരിപ്പ് | വ്യത്യാസം |
|---|---|---|---|
| മിനി ഷോപ്പ്, അട്ടക്കുളങ്ങര | 19898 | 20618 | 720 |
| റീഹാബിലിറ്റേഷൻ near ജനറൽ ഹോസ്പിറ്റൽ ജംഗ്ഷൻ | 24700 | 72700 | 48000 |
| റീഹാബിലിറ്റേഷൻ ബ്ലോക്ക് – മെഡിക്കൽ കോളേജ് | 3450991 | 3546910 | 95919 |
| പാളയം ഫേസ് II | 859280 | 845441 | 13839 |
| ട്രിഡ ബ്ലോക്ക്, പേട്ട | 26669 | 27049 | 380 |

## പ്രൊവിഡന്റ് ഫണ്ട്

**(എ) പ്രൊവിഡൻറ്റ് ഫണ്ട് ലെഡ്ജറിലെ തുകയും ക്രെഡിറ്റ് സ്ലിപ്പിലെ തുകയും പൊരുത്തപ്പെടുന്നില്ല**

2015 -16 വർഷം 25 ജീവനക്കാർ പ്രൊവിഡന്റ് ഫണ്ട് സ്കീമിലെ വരിക്കാരാണ്. ഇവരുടെ പി.എഫ് വിഹിതം വെള്ളയമ്പലം സബ്ട്രഷറിയിൽ ടി.പി.എ

(95) എന്ന അക്കൌണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത് . സംസ്ഥാനസർക്കാർ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് നിക്ഷേപത്തിന് നൽകുന്ന അതേ നിരക്കിലാണ് ടിഡയും പലിശ കണക്കാക്കുന്നത്. ഓരോ ജീവനക്കാരന്റേയും പിഎഫ് ലഡ്ജർ പ്രകാരമുള്ള തുകയും ക്രെഡിറ്റ് സ്ലിപ്പ് പ്രകാരമുള്ള തുകയും തമ്മിൽ സാരമായ അന്തരമാണുള്ളത്. വ്യത്യാസം ചുവടെ ചേർക്കുന്നു.

| ജീവനക്കാരുടെ പേര് | പി.എഫ് ക്രെഡിറ്റ് സ്ലിപ്പിലെ തുക | പി.എഫ് ലഡ്ജറിലെ തുക | വ്യത്യാസം |
|---|---|---|---|
| ശ്രീ.അജിത്.ആർ | 318959 | കാലികമാക്കിയിട്ടില്ല | |
| ശ്രീ.ദിനേഷ്.എസ് | 223832 | 223832 | 0 |
| ശ്രീമതി.കൃഷ്ണകുമാരി | 61859 | 152455 | 90596 |
| ശ്രീമതി.ആഭാനന്ദ് | 296689 | കാലികമാക്കിയിട്ടില്ല | |
| ശ്രീമതി.മിനി | 181416 | കാലികമാക്കിയിട്ടില്ല | |
| ശ്രീ.ബെവിൻ പെരേര | 339462 | 339462 | 0 |
| ശ്രീമതി.ഗീത | 415042 | കാലികമാക്കിയിട്ടില്ല | |
| ശ്രീ.പി.ബി പ്രമോദ് | 1211647 | 1207874 | 3773 |
| ശ്രീ.ടി.കെ ബിനീഷ് | 611193 | 340087 | 271106 |
| അബ്ദുൾ അസീസ് | 203760 | കാലികമാക്കിയിട്ടില്ല | |
| ശ്രീമതി ജയശ്രീ | 304687 | 304819 | 132 |
| ശ്രീമതി മേരി ജൂഡിത്ത് | 771471 | 772302 | 831 |
| ശ്രീ.ഹരിപ്രസാദ്. ജെ.ആർ | 646466 | കാലികമാക്കിയിട്ടില്ല | |
| ശ്രീമതി ബീന എ.എസ് | 1002838 | 850911 | 151927 |
| ശ്രീമതി സി.ഡി മരിയ ജാസ്മിൻ | 307985 | 287480 | 2050 5 |
| ശ്രീ.മുഹമ്മദ് ആഷിം | 328603 | കാലികമാക്കിയിട്ടില്ല | |
| ശ്രീ.മാമ്മൻ ജോസഫ് | 367355 | കാലികമാക്കിയിട്ടില്ല | |
| ശ്രീ.ഗോപിനാഥൻ | 64582 | 64556 | 26 |
| ശ്രീ.ഹക്കിം | 308085 | 308085 | 0 |
| ശ്രീ.സന്തോഷ് | 3729 | കാലികമാക്കിയിട്ടില്ല | |
| ശ്രീ.മുഹമ്മദ് ചന്ദ്രൻ | 3869 | കാലികമാക്കിയിട്ടില്ല | |
| നാസറുദ്ദീൻകുട്ടി | 3729 | കാലികമാക്കിയിട്ടില്ല | |

| | | | |
|---|---|---|---|
| ബേബി | 33170 | കാലികമാക്കിയിട്ടില്ല | |
| സിദ്ധാർത്ഥൻ | 5797 | കാലികമാക്കിയിട്ടില്ല | |
| ലൈല | 5751 | കാലികമാക്കിയിട്ടില്ല | |
| **ആകെ** | **8021976** | | |

പി.എഫ് ലഡ്ജറും ക്രെഡിറ്റ് സ്ലിപ്പും പൊരുത്തപ്പെടുത്തി പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

25 ജീവനക്കാരുടെ ആകെ പി.എഫ് തുക ക്രെഡിറ്റ് സ്ലിപ്പ് പ്രകാരം 8021976 രൂപയാണ്. എന്നാൽ 31.03.2015 ന് ട്രഷറിയിലുള്ള ടി.പി.എ (95) അക്കൗണ്ടിൽ ഉള്ള ബാക്കി രൂപ മാത്രമാണ്.

ട്രിഡയിൽ പെൻഷൻ പദ്ധതി പ്രാബല്യത്തിലായ 1.1.1994 ന ശേഷം, പെൻഷൻ പറ്റുന്ന ജീവനക്കാർക്കും , നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കും അവരുടെ പി.എഫ് നിക്ഷേപത്തോടൊപ്പം കാലാകാലങ്ങളിൽ അനുവദിച്ചിട്ടുള്ള പലിശ കൂടി ചേർന്ന തുകയാണ് പിൻവലിക്കുന്ന അവസരത്തിൽ നൽകി വരുന്നത്. ട്രഷറിയിലുള്ള ടി.പി.എ (95) അക്കൗണ്ടിൽ 1.1.1994 ന ശേഷം 27.03.2012 ലാണ് 1825634 രൂപ ആകെയുള്ള പി.എഫ് നിക്ഷേപങ്ങൾക്കുള്ള പലിശ വെള്ളയമ്പലം സബ്ട്രഷറി ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. 2015-16 വർഷം 124399/- രൂപ പലിശയിനത്തിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

കാലാകാലങ്ങളിൽ പി.എഫ് നിക്ഷേപങ്ങൾക്ക് നിശ്ചയിക്കപ്പെടുന്ന പലിശ ട്രഷറി അക്കൗണ്ടിൽ ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**(ബി) പി.എഫ് സാമ്പത്തിക നില**

2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 1.04.2015 ലെ മുന്നിരിപ്പ് 2202183 രൂപയാണ്. പി.എഫ് കാഷ് ബുക്ക് പ്രകാരമുള്ള സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1.04.2015 ലെ മുന്നിരിപ്പ് | : | 2202183 |
| വരവ് | : | 2677888 |
| ആകെ | : | 4880071 |
| ചെലവ് | : | 1962774 |

നീക്കിയിരുപ്പ് (as on 31.03.2016): **2917297**

## പെൻഷൻ ഫണ്ട്

**പെൻഷൻ ഫണ്ട് 2015-16**

| മാസം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഏപ്രിൽ | 73,474 | - | 73,474 | - | 73,474 |
| മെയ് | 73,474 | | 73,474 | | 73,474 |
| ജൂൺ | 73,474 | | 73,474 | | 73,474 |
| ജൂലൈ | 73,474 | 3,10,560 | 3,84,034 | 3,06,802 | 77,232 |
| ഓഗസ്റ്റ് | 77,232 | | 77,232 | | 77,232 |
| സെപ്റ്റംബർ | 77,232 | 6,53,244 | 7,30,476 | 7,11,895 | 18,581 |
| ഒക്ടോബർ | 18,581 | | 18,581 | | 18,581 |
| നവംബർ | 18,581 | | 18,581 | | 18,581 |
| ഡിസംബർ | 18,581 | 40,00,000 | 40,18,581 | | 40,18,581 |
| ജനുവരി | 40,18,581 | | 40,18,581 | 40,00,000 | 18,581 |
| ഫെബ്രുവരി | 18,581 | 4,15,200 | 4,33,781 | | 4,33,781 |
| മാർച്ച് | 4,33,781 | | 4,33,781 | | 4,33,781 |
| | | **53,79,004** | | **50.18,697** | |

### (എ) സാമ്പത്തിക നില

മുന്നിരിപ്പ് - ₹73,474/-

വരവ് - ₹53,79,004/-

ആകെ - ₹54,52,478/-

ചെലവ് - ₹50,18,697/-

നീക്കിയിരിപ്പ് - ₹ 4,33,781/-

2014-15 ൽ ജൂൺ, ഓഗസ്റ്റ്, ഡിസംബർ മാസങ്ങളിൽ പെൻഷൻ അംശാദായം പെൻഷൻ ഫണ്ടിൽ അടച്ചിട്ടില്ല . കൂടാതെ, ഏപ്രിൽ, ഡിസംബർ മാസങ്ങളിൽ പെൻഷൻ ഫണ്ടിൽ നിന്നല്ല പെൻഷൻ വിതരണം നടത്തിയിരിക്കുന്നത്. പെൻഷൻ അംശാദായം പെൻഷൻ ഫണ്ടിൽ കൃത്യമായും അടയ്ക്കുന്നതിനും, പെൻഷൻ വിതരണം പെൻഷൻ ഫണ്ടിൽ നിന്നു തന്നെ നടത്തുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

**(ബി)പെൻഷൻ ഫണ്ടിൽ നിന്നുള്ള സ്ഥിര നിക്ഷേപങ്ങൾ**

| അക്കൌണ്ട് നമ്പരും തീയതിയും | തുക(₹) |
| --- | --- |
| 1. എഎ 107106/420805 തീയതി:31.01.2012 | 3,53,500.00 |
| 2. എഎ 229743 തീയതി:06.03.2014 | 10,00,000.00 |
| 3. എഎ 229744 തീയതി:07.03.2014 | 2,55,000.00 |
| 4. 374181 തീയതി:24.12.2014 | 3,53,500.00 |
| 5. 374184 തീയതി:24.12.2014 | 95,445.00 |

**1(6) ആസ്തികൾ – ബാദ്ധ്യതകൾ**

തിരുവനന്തപുരം നഗരത്തിന്റെ വിവിധ ഭാഗങ്ങളിലായി ഭൂമിയും കെട്ടിട സമുച്ചയങ്ങളും ട്രിഡയ്ക്ക് സ്വന്തമായുണ്ട്. ഇവയുടെ വിവരങ്ങൾ അടങ്ങിയ ആസ്തി വിവര പത്രിക അനുബന്ധം IV ആയി ചേർത്തിട്ടുണ്ട്. വിവിധ ബാങ്ക് / ട്രഷറി അക്കൌണ്ടുകളിലായി 31.03.2016 ൽ 8,78,607/– രൂപ അവശേഷിക്കുന്നു. സർക്കാർ വായ്പയിനത്തിൽ 3625.9 ലക്ഷം രൂപയും കെ.യു.ആർ.ഡി.എഫ്.സി വായ്പയിനത്തിൽ 15.24 കോടി രൂപയും തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നു.

## ഭാഗം 2

### വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2(1) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

**(എ) കാഷ് ബുക്ക്**

കാഷ് ബുക്കിനു സമാനമായ കോളങ്ങളുള്ള ചെലവു രജിസ്റ്ററിലാണ് ട്രിഡ കാഷ് ബുക്ക് പരിപാലിക്കുന്നത്. രജിസ്റ്ററിന്റെ ഇടത് വശത്ത് വരവും വലത് ഭാഗത്ത് ചെലവും രേഖപ്പെടുത്തുന്നു. നിലവിലുണ്ടായിരുന്ന ടി .ആർ 7 എ ഫോമിലുള്ള കാഷ് ബുക്ക്, ടി.ആർ 8 ഫോമിലുള്ള ചെക്ക് ബുക്ക്, രജിസ്റ്റർ ഓഫ് വാല്യുബിൾസ് എന്നിവ 28.10.2005 ലെ ഉത്തരവു പ്രകാരം സർക്കാർ പരിഷ്കരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ഫോമിലുള്ള കാഷ് ബുക്ക് ട്രിഡ പരിപാലിക്കുന്നില്ല . കാഷ് ബുക്കിന്റെ ഓരോ പേജിലും ഫുട് നോട്ടായി ഫോം ഓഫ് സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തുന്നില്ല.കാഷ് ബുക്കിൽ വർഷാവസാനം സംക്ഷിപ്തം ചേർത്തിട്ടില്ല. ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് സൂക്ഷിച്ചിട്ടുണ്ട്.

**(ബി) കടമുറികളുടെ വാടക രജിസ്റ്റർ**

രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ മേലധികാരി സാക്ഷ്യപ്പെടുത്തുന്നില്ല . വാടക രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തൽ വരുത്തുന്നില്ല . ആയതിനാൽ തന്നെ രജിസ്റ്ററുകൾക്ക് ആധികാരികത ഇല്ല.

വാടക രജിസ്റ്ററുകളിൽ വാടകയ്ക്ക് നൽകിയ കടമുറികളുടെ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്താൻ ശ്രദ്ധക്കേണ്ടതാണ് . കടമുറിയുടെ വിസ്തീർണ്ണം , ഒടുക്കിയ സെക്യൂരിറ്റി ഡെപ്പോസിറ്റ്, വാടകയ്ക്ക് നല്കിയ കാലാവധി, കരാർ പുതുക്കേണ്ട തീയതി, ഒടുക്കേണ്ട സേവന നികുതി തുടങ്ങി വാടക സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ചേർത്ത് പരിപാലിക്കേണ്ടതാണ്.

**(സി) കടമുറികളുടെ റവന്യൂ റിക്കവറി രജിസ്റ്റർ**

കടമുറികളുടെ റവന്യൂ റിക്കവറി രജിസ്റ്റർ കാലികമാക്കി മേലധികാരി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ രജിസ്റ്ററിന് ആധികാരികത ഇല്ല . കാലാകാലങ്ങളിൽ റവന്യൂ റിക്കവറിയിലൂടെ ഈടാക്കുന്ന തുകയുടേയും ഈടാക്കിയ പലിശ സംബന്ധിച്ച വിവരങ്ങളും ഈടാക്കാൻ അവശേഷിക്കുന്ന തുകയുടെ വിവരങ്ങളും രജിസ്റ്ററിൽ നിന്ന് ലഭ്യമാകുന്നില്ല. രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**(സി) പ്രൊവിഡന്റ് ഫണ്ട് ലെഡ്ജർ**

ഓരോ ജീവനക്കാരന്റേയും പി.എഫ് ലെഡ്ജർ പ്രകാരമുള്ള തുകയും ക്രെഡിറ്റ് സ്ലിപ്പിലെ തുകയും

തമ്മിൽ സാരമായ വ്യത്യാസമാണ് ഉള്ളത് . പി.എഫ് ലഡ്ജർ ശരിയായ വിധത്തിൽ പരിപാലിക്കുന്നതിൽ ഗുരുതരമായ വീഴ്ചയാണ് ടിഡയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. ശൂന്യവേതന അവധിയിൽ പ്രവേശിച്ച ജീവനക്കാരുടെ സൂന്യവേതന കാലയളവിലെ പി .എഫ് പലിശ കണക്കാക്കി ലെഡ്ജർ കാലികമാക്കുന്നില്ല.ശമ്പളം മാറുന്നതോടോപ്പം അതതു മാസം തന്നെ പി.എഫ് ലെഡ്ജറിൽ രേഖപ്പെടുത്തലുകൾ വരുത്താതെ , വർഷാവസാനമാണ് പി.എഫ് ലെഡ്ജർ രേഖപ്പെടുത്തലുകൾ വരുത്താതെ , വർഷാവസാനം പിഎഫ് ലെഡ്ജർ എഴുതുന്നത്. ഈ പ്രവണത ഒഴിവാക്കേണ്ടതാണ്.പി.എഫ് ലെഡ്ജർ കാലികമാക്കി ക്രെഡിറ്റ് സ്ലിപ്പിലെ തുകയുമായി പൊരുത്തപ്പെടുത്തി ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

## അംശദായം – ട്രിഡയ്ക്ക് പിരിഞ്ഞു കിട്ടാനുള്ളത് ലക്ഷങ്ങൾ

1984 ലെ കേരള വികസന അതോറിറ്റി നിയമങ്ങൾ അനുസരിച്ച് തിരുവനന്തപുരം നഗരസഭയും 15 പഞ്ചായത്തുകളും ഉൾപ്പെടുത്തി തിരുവനന്തപുരം വികസന അതോറിറ്റി രൂപീകരിച്ചു. 15 പഞ്ചായത്തുകളിൽ 5 പഞ്ചായത്തുകൾ 2000 ലും ശേഷിച്ച 10 പഞ്ചായത്തുകളിൽ 5 പഞ്ചായത്തുകൾ 2010 ലും തിരുവനന്തപുരം കോർപ്പറേഷനിൽ ലയിച്ചു. പ്രസ്തുത നിയമങ്ങളിലെ റൂൾ 32(സി) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റിയുടെ പരിധിയിൽ വരുന്ന കോർപ്പറേഷനും ഗ്രാമ പഞ്ചായത്തുകളും വാർഷിക റവന്യൂ വരുമാനത്തിന്റെ 2 ശതമാനമോ അഥവാ സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിലോ അംശദായം നൽകാൻ ബാധ്യസ്ഥരാണ്.

2.03.2000 ലെ സർക്കാർ ഉത്തരവ് (സാധാ)983/2000/തസ്വഭവ പ്രകാരം വികസന അതോറിറ്റിയുടെ പരിധിയിൽ വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വാർഷിക വരുമാനം 10 ലക്ഷം രൂപയിൽ അധികമുള്ള മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾ വാർഷികവരുമാനത്തിന്റെ 2 ശതമാനം നിരക്കിലും ഗ്രാമപഞ്ചായത്തുകൾ 1 ശതമാനം നിരക്കിലും അംശദായം നൽകണം. തുക അടയ്ക്കാൻ വീഴ്ച വരുത്തുന്ന തദ്ദേശസ്വയംഭരണസ്ഥാപനത്തിന് അർഹമായ സർക്കാർ ഗ്രാന്റിൽ നിന്നും വികസന അതോറിറ്റിക്ക് നൽകാനുള്ള അംശദായം തട്ടി കിഴിക്കാനും ഖണ്ഡിക 8 ൽ വ്യവസ്ഥയുണ്ട് . യഥാസമയം തുക ലഭ്യമാക്കിയില്ലെങ്കിൽ 2% പലിശ നല്കണമെന്നും വ്യവസ്ഥയുണ്ട്.

തിരുവനന്തപുരം വികസന അതോറിറ്റിയുടെ പരിധിയിൽ തിരുവനന്തപുരം കോർപ്പറേഷനും കല്ലിയൂർ, വെങ്ങാനൂർ, പള്ളിച്ചൽ, വിളപ്പിൽ, വിളവൂർക്കൽ എന്നീ 5 ഗ്രാമപഞ്ചായത്തുകളുമാണ് ഉള്ളത്.

<u>ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കാനുള്ള സെന്റേജ് ചാർജ്ജിന്റെ വിവരങ്ങൾ</u>

| ക്രമ നം | പഞ്ചായത്ത് | വർഷം | സെന്റേജ് ചാർജ്ജ് | പിഴപലിശ | ആകെ |
|---|---|---|---|---|---|
| 1 | വിളവൂർക്കൽ | 1994 മുതൽ 2010 വരെ | 3453289 | 983885 | 1329214 |
| 2 | വിളപ്പിൽ | 1994 മുതൽ 2010 വരെ | 280452 | 583969 | 8644241 |
| 3 | വെങ്ങാനൂർ | 1994 മുതൽ 2010 വരെ | 359805 | 1020410 | 1380215 |
| 4 | പള്ളിച്ചൽ | 1994 മുതൽ 2010 വരെ | 367276 | 698897 | 1066173 |

| | | | | | |
|---|---|---|---|---|---|
| 5 | കല്ലിയൂർ | 1994 മുതൽ 2010 വരെ | 543542 | 1424757 | 1968299 |
| **ആകെ** | | | **1896404** | **4711918** | **6608322** |
| 1 | തിരുവനന്ത പുരംനഗരസ ഭ | 2009-10 മുതൽ 2013-14 വരെ | 4235444 1 | 3997269 7 | 8232713 8 |

ഗ്രാമപഞ്ചായത്തുകളുടെ കുടിശ്ശിക അംശാദായം അവരുടെ വാർഷികഗ്രാന്റിൽ നിന്നും കുറവ് ചെയ്ത് ട്രിഡയ്ക്ക് നൽകുവാൻ സ .ഉ(സാധ ാ)നം.3478/2014/തസ്വഭവ തീയതി 29/12/2014 പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്. തിരുവനന്തപുരം നഗരസഭ അംശദായം ഇനത്തിൽ നൽകാനുള്ള തുക നഗരസഭയുടെ ഗ്രാന്റിൽനിന്നും കുറവ് ചെയ്ത് ട്രിഡയ്ക്ക നൽകുന്നതിന് സ.ഉ(സാധാ)നം 1882/2015/തസ്വഭവ തീയതി 23.06.2015 പ്രകാരവും അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

ട്രിഡയ്ക്ക് നൽകുവാനുള്ള അംശദായം പഞ്ചായത്തുകളുടെ വാർഷിക ഗ്രാന്റിൽ നിന്നും കുറവു ചെയ്ത് ട്രിഡയ്ക്ക് നേരിട്ട് നല്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ 28.01.2015 ൽ പഞ്ചായത്ത് ഡയറക്ടർക്ക് സർക്കാർ നിർദ്ദേശവും നൽകിയിരുന്നു. ട്രിഡയ്ക്ക് നൽകേണ്ട അംശാദായം ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ഗഡുക്കളായി കുറവു ചെയ്ത് ഒടുക്കുവരുത്തുന്നതിന് സ.ഉ(സാധാ)നം 2728/2015/തസ്വഭവ തീയതി 8/09/2015 പ്രകാരം സർക്കാർ അനുമതിയും നൽകിയിട്ടുണ്ട്. എന്നാൽ തിരുവനന്തപുരം നഗരസഭയിൽ നിന്നോ ട്രിഡയുടെ അധീനതയിലുള്ള ഗ്രാമപഞ്ചായത്തുകളിൽ നിന്നോ അംശദായമായി 2015-16 വർഷം തുകയൊന്നും ലഭ്യമായിട്ടില്ല.

തിരുവനന്തപുരം നഗരസഭയുടെ 2013-14 വരെയും ഗ്രാമ പഞ്ചായത്തുകളുടെ 2010 വരെയുമുള്ള അംശദായത്തിന്റ കണക്കുകൾ മാത്രമേ ട്രിഡയ്ക്ക് ലഭിച്ചിട്ടുള്ളു.

23/03/2016 തീയതിയിലെ സ.ഉ(സാധാ) നം.1322/2016/തസ്വഭവ ഉത്തരവിൻ പ്രകാരം ബന്ധപ്പെട്ട തസ്വഭ സ്ഥാപനങ്ങൾ അവരവരുടെ കമ്മറ്റി തീരുമാനത്തിനു വിധേയമായി
സ്പെഷ്യൽ ടി.എസ്.ബി അക്കൌണ്ടിൽ നിന്നും തുക പിൻവലിച്ച് ട്രിഡയ്ക്ക് നൽകുന്നതിന് അനുമതി നൽകിയുട്ടുണ്ട്.

ട്രിഡയുടെ പ്രധാന വരുമാനസ്രോതസ്സായ അംശാദായം

പിരിച്ചെടുക്കാൻ കഴിയാത്തത് സ്ഥാപനത്തിന്റെ വികസനപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെല്ലാം ഇതു സംബന്ധിച്ച പരാമർശങ്ങൾ ഉണ്ടായിട്ടുണ്ട് . ഗ്രാമ പഞ്ചായത്തുകളുടേയും തിരുവനന്തപുരം കോർപ്പറേഷന്റേയും അതാത് വർഷങ്ങളിലെ വാർഷിക കണക്ക് ശേഖരിച്ച് അവയുടെ റവന്യൂ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ അംശാദായം ഡിമാന്റ് ചെയ്ത് തുക വസൂലാക്കുന്നതിന് അടിയന്തിര നടപടികൾ ട്രിഡയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## കടമുറികളുടെ വാടക - പിരിച്ചെടുക്കാൻ ബാക്കി 1.21 കോടി

2015-16 സാമ്പത്തിക വർഷത്തെ ഡി.സി.ബി പത്രിക പ്രകാരം 2014-15 സാമ്പത്തിക വർഷാവസാനം മുൻവർഷങ്ങളിലേതും ചേർത്ത് 13052291 രൂപ പിരിച്ചെടുക്കാൻ ഉണ്ടായിരുന്നു. അതിൽ 5093026 രൂപ കുടിശ്ശിക തൻവർഷം പിരിച്ചെടുത്തിട്ടുണ്ട്. 2015-16 വർഷാവസാനം മുൻവർഷങ്ങളിലെകുടിശ്ശികയും തന്നാണ്ടിലെ കുടിശ്ശികയും ഉൾപ്പെടെ 12109033 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. ഡിമാന്റ്, കളക്ഷൻ, ബാലൻസ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ.

(തുക ലക്ഷത്തിൽ)

| ഇനം | കുടിശ്ശിക | തന്നാണ്ട് | ആകെ |
|---|---|---|---|
| ഡിമാന്റ് | 130.52291 | 262.10985 | 392.663276 |
| കളക്ഷൻ | 50.93026 | 220.61217 | 271.54243 |
| ബാലൻസ് | 79.59265 | 41.49768 | 121.09033 |

2015-16 സാമ്പത്തിക വർഷത്തേതുൾപ്പെടെ കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഷോപ്പ് /ഷോപ്പിംഗ് കോംപ്ളക്സ് | 2014-15 വരെ കുടിശ്ശിക | 2015-16 ലെ കുടിശ്ശിക | ആകെ |
|---|---|---|---|---|
| 1 | കേദാരം (വാടക) | 596813 | 2224599 | 2821412 |
| 2 | കേദാരം (മെയിന്റനൻസ് ചാർ ജ്ജ്) | 22938 | 113119 | 136057 |
| 3 | മിനി ഷോപ്പ്സ്, കേശവദാസപുരം | 14283 | 10690 | 24973 |
| 4 | മിനി ഷോപ്പ്സ്, അട്ടക്കുളങ്ങര | - | 10566 | 10566 |
| 5 | മിനി ഷോപ്പ്സ്, പാളയം | - | 3142 | 3142 |
| 6 | മിനി ഷോപ്പ്സ്, മെഡിക്കൽ കോളേജ് | 0 | 2775 | 2775 |

| | | | | |
|---|---|---|---|---|
| 7 | ലീസ് -ട്രിഡ സെന്റർ, റീഹാബിലിറ്റേഷൻ ബ്ളോക്ക്, കേദാരം | 11860 | 5031 | 16891 |
| 8 | ചാല പ്രൊജക്റ്റ് ഏരിയ | 0 | 636 | 636 |
| 9 | റീഹാബിലിറ്റേഷൻ ബ്ളോക്ക്, ജനറൽ ഹോസ്പിറ്റൽ ജംഗ്ഷൻ | 0 | 67248 | 67248 |
| 10 | റീഹാബിലിറ്റേഷൻ ബ്ളോക്ക്, മെഡിക്കൽ കോളേജ് | 3504540 | 121501 | 3626041 |
| 11 | സോപാനം കോംപ്ളക്സ്, മെഡിക്കൽ കോളേജ് | 0 | 27000 | 27000 |
| 12 | മിനി ഷോപ്പ്സ്, ട്രിഡ സെന്റർ,മെഡിക്കൽ കോളേജ് | 0 | 8280 | 8280 |
| 13 | സാഫല്യം | 650377 | 828593 | 1488970 |
| 14 | സാഫല്യം-ലീസ് | 920312 | 66833 | 987145 |
| 15 | പാളയം ഫേസ്-1 | 128480 | 0 | 128480 |
| 16 | പാളയം ഫേസ്-2 | 8381121 | 13091 | 851203 |
| 17 | ടെമ്പററി ബ്ളോക്ക്, പാളയം | 927707 | 298292 | 1225999 |
| 18 | വിജയമഹൽ ലോഡ്ജ് | 6144 | 3537 | 9681 |
| 19 | റീഹാബിലിറ്റേഷൻ ബ്ളോക്ക്, സെൻട്രൽ സ്റ്റേഡിയം | 0 | 11214 | 11214 |
| 20 | ട്രിഡ ബ്ളോക്ക്, പേട്ട | 0 | 68291 | 68291 |
| 21 | ഷോപ്പ്സ്, സെന്റർ തീയറ്റർ റോഡ് | 335977 | 194504 | 530481 |
| 22 | ബങ്ക്, തകരപറമ്പ് റോഡ് | 0 | 427 | 427 |
| 23 | റീഹാബിലിറ്റേഷൻ ബ്ളോക്ക്, തകരപറമ്പ് | 1722 | 38486 | 40208 |
| **ആകെ** | | | | |

ഷോപ്പിംഗ് കോംപ്ളക്സുകൾ ഉൾപ്പെടെയുള്ള ആസ്തികളിൽ നിന്നുള്ള വരവ് ട്രിഡയുടെ പ്രധാന പ്രവർത്തന മൂലധന സ്രോതസ്സുകളിൽ ഒന്നാണെന്നുള്ളതിനാൽ വാടക കുടിശ്ശിക പിരിച്ചെടുക്കുവാൻ ഊർജ്ജിത നടപടികൾ കൈകൊള്ളേണ്ടത് അനിവാര്യമാണ്.

**കടമുറികളുടെ വാടക - റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതമല്ല**

കടമുറികളുടെ റവന്യൂ റിക്കവറി രജിസ്റ്റർ പ്രകാരം 1995 മുതലുള്ള 23 റവന്യൂ റിക്കവറി കേസുകൾ ഇനിയും തീർപ്പാക്കാൻ അവശേഷിക്കുന്നു. 2015-16 വർഷം മുൻ വർഷങ്ങളിൽ ഫയൽ ചെയ്ത ഒരു റവന്യൂ റിക്കവറി കേസും തീർപ്പാക്കിയിട്ടില്ല . റവന്യൂ രജിസ്റ്റാർ അർത്ഥനാപത്രം തിരികെ അയച്ച കേസുകൾ എഴുതി തള്ളാൻ ട്രിഡ നടപടികൾ സ്വീകരിച്ചിട്ടില്ല. റവന്യൂ റിക്കവറി നടപടികൾ മന്ദഗതിയിലാണ്.

പിരിഞ്ഞു കിട്ടാനുള്ള റവന്യൂ റിക്കവറി കേസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കടമുറി നം | വാടകക്കാരന്റെ പേര് | റവന്യൂ റിക്കവറി റിക്വസിഷൻ നം | റവന്യൂ റിക്കവറി തീയതി | അപേക്ഷ തീയതിയിലെ വാടക | അഭിപ്രായം |
|---|---|---|---|---|---|---|
| 1 | എഫ്1,എഫ്2, ജി 12, മെഡിക്കൽ കോളേജ് | പ്രിൻസ് തോമസ് | ആർ 2 1243/83/ട്രിഡ | 18.02.1995 | 600926/- | തുക ഈടാക്കിയിട്ടില്ല. |
| 2 | വിശ്രം സങ്കേത് | കെ ജി നായർ | ആർ 2 1494/97/ട്രിഡ | 18.02.1995 | 28208/- | തുക ഈടാക്കിയിട്ടില്ല |
| 3 | ഷോപ്പ് നം 29 കേദാരം | എം രാജു പണിക്കർ | ആർ 2 2134/94/ട്രിഡ | 19.05.1999 | 189388/- | തുക ഈടാക്കിയിട്ടില്ല |
| 4 | ഷോപ്പ് നം ജി 18 എ മെഡിക്കൽ കോളേജ് | സണ്ണി മാത്യു | ആർ 2 5687/90/ട്രിഡ | 7.10.1999 | 104932/- | തുക ഈടാക്കിയിട്ടില്ല |
| 5 | ഷോപ്പ് നം. ടി സി 14/1850 | സുധീർ കുമാർ | ആർ 2 262/99/ട്രിഡ | 26.09.2000 | 86466/- | തുക ഈടാക്കിയിട്ടില്ല |
| 6 | ഷോപ്പ് നം ടി സി 14/1850(7) | വി. അശോക് | ആർ 2 14/1850(7)/ട്രിഡ | 26.09.2000 | 30554/- | 17592/- രൂപ യും പലിശയും ഈടാക്കാൻ അവശേഷിക്കുന്നു. |
| 7 | ഷോപ്പ് നം ടി സി 14/1889 | പി ടി വർഗ്ഗീസ് | ആർ 3 6315/95/ട്രിഡ | 29.09.2000 | 105916/- | 66929/- രൂപയും പലിശയും ഈടാക്കാൻ അവശേഷിക്കുന്നു. |
| 8 | ഷോപ്പ് നം. ടി സി 14/1881 | കല്യാണി നായർ | ആർ 3 974/99/ട്രിഡ | 01.12.1999 | 36269/- | അർത്ഥനാപത്രം തിരിച്ചയച്ചു. |
| 9 | ഷോപ്പ് നം ജി 17 മെഡിക്കൽ കോളേജ് റീഹാബിലിറ്റേഷൻ ബ്ലോക്ക് | കെ സുരേന്ദ്രൻ | ആർ 2 9703/87/ട്രിഡ | 31.10.2003 | 416747/- | 3683/- രൂപയും പലിശയും ഈടാക്കാൻ അവശേഷിക്കുന്നു. |
| 10 | വിശ്രം സങ്കേത് തമ്പാനൂർ | കെ അഖിലേഷ് | ആർ 2 444/92/ട്രിഡ | 13.07.2004 | 168093/- | തുക ഈടാക്കിയിട്ടില്ല |
| 11 | ഷോപ്പ് നം സി3 മെഡിക്കൽ കോളേജ് റീഹാബിലി | റെജി മാണി | ആർ 2 9703/87/ട്രിഡ | 20.07.2004 | 120074/- | തുക ഈടാക്കിയിട്ടില്ല |

| | | | | | | |
|---|---|---|---|---|---|---|
| | റ്റേഷൻ ബ്ലോക്ക് | | | | | |
| 12 | വിശ്രം സങ്കേത് മെഡിക്കൽ കോളേജ് | പി എസ് ശശിധരൻ | ആർ 2 1287/03/ട്രിഡ | 22.12.2004 | 906230/- | ടിയാൻ മരണപ്പെട്ടു.തുക ഈടാക്കുവാൻ മാർഗ്ഗമില്ലാത്തതിനാൽ ജില്ലാ കളക്ടർ അർത്ഥനാ പത്രം തിരിച്ചയച്ചു. |
| 13 | ഷോപ്പ് നം ടി സി 14/2221(10) | എം സി വക്കച്ചൻ | ആർ 3 245/2003/ട്രിഡ | 1.07.2005 | 49985/- | 23.02.2017 ലെ സ.ഉ (സാധാ)നം 521/2017/തസ്വഭവ ഉത്തരവു പ്രകാരം തുക എഴുതി തള്ളി. |
| 14 | വിശ്രം സങ്കേത് മെഡിക്കൽ കോളേജ് | പി എസ് ശശിധരൻ | ആർ 2 1287/03/ട്രിഡ | 03.12.2007 | 115942/- | തുക ഈടാക്കുവാൻ മാർഗ്ഗമില്ലാത്തതിനാൽ ജില്ലാ കളക്ടർ അർത്ഥനാ പത്രം തിരിച്ചയച്ചു. |
| 15 | വിശ്രം സങ്കേത് മെഡിക്കൽ കോളേജ് | പി എസ് ശശിധരൻ | ആർ 2 170/02/ട്രിഡ | 28.06.2008 | 388948/- | തുക ഈടാക്കുവാൻ മാർഗ്ഗമില്ലാത്തതിനാൽ ജില്ലാ കളക്ടർ അർത്ഥനാ പത്രം തിരിച്ചയച്ചു. |
| 16 | വിശ്രം സങ്കേത് മെഡിക്കൽ കോളേജ് | എ രാജപ്പൻ നായർ | ആർ 2 170/02/ട്രിഡ | 28.06.2008 | 511426/- | റിവിഷൻ പെറ്റീഷൻ നൽകിയിട്ടുണ്ട്. തീർപ്പാക്കിയതായി കാണുന്നില്ല. |
| 17 | ഷോപ്പ് നം ടി സി 14/1841 | വി ശശികുമാരൻ നായർ | ആർ 3 421/08/ട്രിഡ | 7.10.2008 | 402769/- | ബഹു. ലോകായുക്തയിൽ കേസ് നിലനിൽക്കുന്നു. |
| 18 | ഷോപ്പ് നം ടി സി 14/2224 | നജീറാബീവി | ആർ 3 421/08/ട്രിഡ | 17.11.2008 | 285442/- | 1,38,881/- രൂപയും പലിശയും ഈടാക്കാൻ അവശേഷിക്കുന്നു. |
| 19 | ഷോപ്പ് നം ടി സി 14/2291 | ജി കണ്ണൻ | ആർ 3 421/08/ട്രിഡ | 17.11.2008 | 24416/- | തുക ഈടാക്കിയിട്ടില്ല |
| 20 | ഷോപ്പ് നം ടി സി 14/2221 | തോമസ് എബ്രഹാം | ആർ3 421/08/ട്രിഡ | 10.03.2010 | 87958/- | ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ നിലനിൽക്കുന്നു. |
| 21 | ഷോപ്പ് നം ടി സി 14/2229&14/2230 | കെ ശിവരാമൻ നായർ | ആർ 3 421/08/ട്രിഡ | 10.03.2010 | 549808/- | 9349/-രൂപയും പലിശയും ഈടാക്കാൻ അവശേഷിക്കുന്നു. |

| | | | | | | |
|---|---|---|---|---|---|---|
| 22 | ഷോപ്പ് നം ടി സി 14/1884& ഷോപ്പ് നം ഡി11, ടെമ്പററി ബ്ലോക്ക് പാളയം | എസ്. നോബിൾ രാജ് | ആർ 3 3545/98/ട്രിഡ | 22.03.2010 | 115211/- | തുക ഈടാക്കിയിട്ടില്ല. |
| 23 | ഷോപ്പ് നം എഫ്2 ടി സി 14/18/50 | ആർ വേണുഗ ോപാൽ | ആർ 3 245/03/ട്രിഡ | 18.05.2010. | 44670/- | 4054/- രൂപയും പലിശയും ഈടാക്കാൻ അവശേഷിക്കുന്നു. |

**2(5) <u>തിരുവനന്തപുരം നഗരസഭ ട്രിഡയ്ക്ക് നൽകുവാനുള്ള മെയിന്റനൻസ് ചാർജ്ജ് കുടിശ്ശിക ₹19,61,774/-</u>**

ട്രിഡയുടെ ഉടമസ്ഥതയിലുള്ള പാളയത്തെ സാഫല്യം കൊമേഴ്സ്യൽ കോംപ്ളക്സിലെ ജി 3,ജി4,ജി14,ജി15 എന്നീ നമ്പർ കടമുറികൾ 1999 ൽ തിരുവനന്തപുരം നഗരസഭയ്ക്ക് 3 വർഷത്തേക്ക് പ്രതിമാസ വാടകവ്യവസ്ഥയിലും കോർപ്പറേഷൻ ആവശ്യപ്പെട്ടതനുസരിച്ച്, 31/03/2001 ലെ ട്രിഡ എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനപ്രകാരം 1.04.2001 മുതൽ 99 വർഷത്തേക്ക് പാട്ടത്തിനും നൽകിയിരുന്നു. 1999 ൽ വാടക വ്യവസ്ഥയിൽ നൽകിയ കാലം മുതൽ കടമുറികൾ നഗരസഭയുടെ കൈവശമാണ് . 4 കടമുറികളുടെ ആകെ പാട്ടതുകയായ 84,25,00/- രൂപ നഗരസഭ ട്രിഡയിൽ അടച്ചിട്ടുണ്ട്. എന്നാൽ ട്രിഡ നിരന്തരം ആവശ്യപ്പെട്ടിട്ടും നഗരസഭ, പുതുക്കിയ കരാർ വയ്ക്കുകയോ പ്രതിവർഷ മെയിന്റനൻസ് ചാർജ്ജ് ട്രിഡയിൽ അടയ്ക്കുകയോ ചെയ്തിട്ടില്ല. രണ്ടാം നിലയിലുള്ള എസ് 5 നമ്പർ കട 20.04.1999 മുതൽ കരാർ വച്ച് 99 വർഷത്തേക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്. ലീസ് തുകയായ 1,45,87,100/- രൂപ നഗരസഭ ഒടുക്കിയിട്ടുണ്ട്. മെയിന്റനൻസ് ചാർജ്ജ് കുടിശ്ശിക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.(ട്രിഡ ഫയൽ നം ആർ3/4413/97), ഓഡിറ്റ് എൻക്വയറി നം.12/2014-15

| ക്രമ നം | കടമുറി നം | 2001-02 മുതൽ 2014-15 വരെയുള്ള മെയിന്റനൻസ് ചാർജ്ജ് കുടിശ്ശിക | പലിശ | 06/2007 മുതലുള്ള സർവ്വീസ് ടാക്സ് | ആകെ |
|---|---|---|---|---|---|
| 1 | ജി-3 | 35040 | 47059 | 2342 | 84441 |
| 2 | ജി-4 | 35040 | 47059 | 2342 | 84441 |
| 3 | ജി-14 | 83952 | 112747 | 4857 | 201556 |

| | | | | | |
|---|---|---|---|---|---|
| 4 | ജി-15 | 89936 | 120785 | 5165 | 215886 |
| 5 | എസ്5 | 597907 | 736931 | 40612 | 1375450 |
| | | | | **ആകെ** | **1961774** |

എസ് 5 നമ്പർ കടമുറിയുടെ ആകെയുള്ള 3450 ചതുരശ്രഅടിയിൽ 2739 ചതുരശ്രഅടി സ്ഥലവും 1.04.2006 ജനസേവനകേന്ദ്രം നടത്തുന്നതിനായി സർക്കാർ ഏറ്റെടുത്തിരിക്കുകയാണ്. ബാക്കി 711 ചതുരശ്രഅടി സ്ഥലം മാത്രമാണ് നഗരസഭ ഉപയോഗിച്ചിരുന്നത്. ആയതിന്റെ 1.04.2000 മുതൽ 31.03.2001 വരെയുള്ള മെയിന്റനൻസ് ചാർജ്ജ് നഗരസഭ ഒടുക്കിയിട്ടുണ്ട്. കരാർ വ്യവസ്ഥ അനുസരിച്ച് നഗരസഭ സെക്രട്ടറി മുഴുവൻ കടമുറിയുടെയും മെയിന്റനൻസ് ചാർജ്ജ് നൽകുവാൻ ബാദ്ധ്യസ്ഥനാണ് . എന്നാൽ സർക്കാർ ഏറ്റെടുത്ത സ്ഥലത്തിന്റെ മെയിന്റനൻസ് ചാർജ്ജ് നൽകാൻ നഗരസഭ തയ്യാറാകുന്നില്ല . നഗരസഭ ഇതുസംബന്ധിച്ച് സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ എന്നതിന് രേഖകളൊന്നും ട്രിഡയുടെ പക്കൽ ഇല്ല.

സാഫല്യം ഷോപ്പിംഗ് കോംപ്ലക്സ് പണിതത് ഹഡ്കോ ലോൺ സ്വീകരിച്ചാണ്. ഗവൺമെന്റ് ഗ്രാന്റ് ഇതിനായി ലഭ്യമാക്കിയിട്ടില്ല. ഹഡ്കോലോൺ ഏറ്റെടുത്ത കെ.യു.ആർ.ഡി.എഫ്.സി ക്ക് കോടിക്കണക്കിനു രൂപ തിരിച്ചടയ്ക്കാൻ കഴിയാതെ ട്രിഡയുടെ സ്ഥാപനങ്ങൾ ജപ്തി ഭീഷണി നേരിടുകയാണ് . ഷോപ്പിംഗ് കോംപ്ലക്സുകളുടെ മുറി വാടകയും പാട്ട വാടകയും ട്രിഡയുടെ പ്രധാന റവന്യൂ സ്രോതസ്സുകളാണെന്നിരിക്കെ ഇത്തരത്തിൽ കടമുറികൾ സർക്കാർ ഏറ്റെടുക്കുന്നതിലൂടെ ട്രിഡയ്ക്ക് ലഭിക്കുവാനുള്ള വരുമാനത്തിൽ ഗണ്യമായ കുറവ് സംഭവിക്കുന്നുണ്ട്.

ആകെ കുടിശ്ശിക തുകയായ **1961774** രൂപ കോർപ്പറേഷനിൽ നിന്ന് ഈടാക്കേണ്ടതും പാട്ടകരാർ വയ്ക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2(6) <u>വാടകക്കരാർ പുതുക്കാതെ കടമുറികൾ പ്രവർത്തിക്കുന്നു.</u>

മൂന്ന് വർഷ ബ്ലോക്കിലേക്ക് വാടകയ്ക്ക് നൽകുന്ന കടമുറികൾ , വാടകക്കാലാവധിക്കു ശേഷം വാടകക്കരാർ പുതുക്കാതെയും പുതുക്കിയ വാടക നൽകാതെയും തുടർന്ന് പ്രവർത്തിക്കുന്നതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

(1) കേശവദാസപുരത്തുള്ള കേദാരം ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറി നം. 49, (എ.ബിജു, ടി.സി 11/963/വാരുവിളാകം, നന്ദൻകോട് ,തിരുവനന്തപുരം)

കാലാവധി 20.11.2012 ൽ അവസാനിച്ചിരുന്നു. കേരള പബ്ലിക്ക് ബിൽഡിംഗ്സ് എവിക്ഷൻ ഓഫ് അൺ ഓതറൈസ്ഡ് ഒക്കുപെന്റ്സ് ആക്ട് 1968 4(1) വകുപ്പ പ്രകാരം കട ഒഴിപ്പിക്കുന്നതിനായി 13/08/2014, 31/1/2015, 11/03/2015 എന്നീ തീയതികളിൽ നോട്ടീസ് നൽകിയിരുന്നു . എന്നാൽ നാളിതുവരെ കട ഒഴിപ്പിക്കുകയോ വാടകക്കരാർ പുതുക്കുകയോ ചെയ്തിട്ടില്ല.

(2) M/S നെറ്റ് സ്കാൻ, സൈബർ സോൺ എന്ന സ്ഥാപനത്തിന് കേശവദാസപുരത്തുള്ള കേദാരം ഷോപ്പിംഗ് കോംപ്ളക്സിലെ 40–ാം നമ്പർ കടമുറി വാടകയ്ക്ക് നൽകിയിരുന്നു. 8.10.2012 ൽ കരാർ കാലാവധി അവസാനിച്ച പ്രസ്തുത കടമുറിയുടെ വാടകക്കരാർ 2014–15 വർഷം വരെയും പുതുക്കിയിട്ടില്ല.

വാടകക്കരാർ പുതുക്കാതെ കടതുടരുന്ന കടക്കാരെ, കേരള പബ്ളിക്ക് ബിൽഡിംഗ്സ് എവിക്ഷൻ ഓഫ് അൺ ഓതറൈസ്ഡ് ഒക്കുപെന്റ്സ് ആക്ട് 1968 പ്രകാരം ഒഴിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2(9) <u>കടമുറികൾ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നു.</u>

കടമുറികളുടെ വാടകരജിസ്റ്ററുകളും ഓഡിറ്റ് എൻക്വയറിയുടെ (നം.1 /2015–16) മറുപടിയും പരിശോധിച്ചതിൽ ട്രിഡയുടെ ഷോപ്പിംഗ് കോംപ്ലക്സുകളിലെ ചില കടമുറികൾ 2015–16 വർഷം വാടകയ്ക്ക് കൊടുക്കാതെ ഒഴിഞ്ഞ് കിടന്നതായി മനസ്സിലാകുന്നു. കടമുറികളുടെ വാടകയാണ് ട്രിഡയുടെ പ്രധാന വരുമാനസ്രോതസ്സ് എന്നിരിക്കെ മുറികൾ വാടകയ്ക്ക് നൽകാതെ ഒഴിച്ചിട്ടിരിക്കുന്നത് അഭികാമ്യമല്ല.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വ്യാപാര സമുച്ചയം | കടമുറി നം |
|---|---|---|
| 1 | മെഡിക്കൽ കോളേജ് റീഹാബിലിറ്റേഷൻ ബ്ളോക്ക് | ജി16 & ജി17 |
| 2 | ജനറൽ ഹോസ്പിറ്റൽ ജംഗ്ഷൻ | 1 & 5 |
| 3 | സോപാനം ഷോപ്പിംഗ് കോംപ്ളക്സ്, മെഡിക്കൽ കോളേജ് | 4 & 105 |
| 4 | സെൻട്രൽ തീയറ്റർ റോഡ് | 7 |

## 2(10) കൺസ്യൂമർ ഫെഡ് – വാടക കരാർ പുതുക്കുന്നില്ല – വാടക കുടിശിക ഈടാക്കുന്നില്ല; ഒടുക്കിൽ കുറവ് ₹24,26,337.95

തിരുവനന്തപുരം വികസന അതോറിറ്റിയുടെ കേശവദാസപുരത്തുള്ള കേദാരം ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളും (നം.8, 79, സ്റ്റോർ 4 മുതൽ 11 വരെ)പാളയത്തുള്ള സാഫല്യം കോംപ്ലക്സിലെ കടമുറികളും (നം.ജി7,ജി10, ജി19) കേരള കോ-ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡിന് 1998-99 വർഷം മുതൽ വാടകയ്ക്ക് കൊടുത്തിട്ടുണ്ട്. കരാറിൽ ഏർപ്പെടുന്ന തീയതി മുതൽ മൂന്ന് വർഷമാണ് കരാർ കാലാവധി. കരാറിൽ ഏർപ്പെട്ട തീയതിയും കരാർ പുതുക്കേണ്ടിയിരുന്ന തീയതികളും ചുവടെ ചേർക്കുന്നു.

| ഷോപ്പിംഗ് കോംപ്ലക്സ് | കടമുറി നം | കരാറിൽ ഏർപ്പെട്ട തീയതി | അവസാനമായി കരാർ പുതുക്കിയ തീയതി | കരാർ പുതുക്കേണ്ടിയിരുന്ന തീയതികൾ | | | |
|---|---|---|---|---|---|---|---|
| കേദാരം | 8 | 20.07.1999 | 20.07.2002 | 19.07.2005 | 19.07.2008 | 19.07.2011 | 19.07.2014 |
| | 79 | 1.03.1998 | 1.03.2001 | 1.03.2004 | 1.03.2007 | 1.03.2010 | 1.03.2013 |
| | S4to S9 | 12.10.1998 | 12.10.2001 | 12.10.2004 | 12.10.2007 | 12.10.2010 | 12.10.2013 |
| | S10 & S11 | 1.04.1999 | 1.04.2002 | 1.04.2005 | 1.04.2008 | 1.04.2011 | 1.04.2014 |
| സാഫല ്യം | ജി 7 | 26.07.1999 | 26.07.2002 | 26.06.2005 | 26.06.2008 | 26.06.2011 | 26.06.2014 |
| | ജി10 | 6.02.1999 | 6.02.2002 | 6.02.2005 | 6.02.2008 | 6.02.2011 | 6.02.2014 |
| | ജി19 | 30.07.1999 | 30.07.2002 | 30.07.2005 | 30.07.2008 | 30.07.2011 | 30.07.2014 |

കരാർ വ്യവസ്ഥ 4(1) പ്രകാരം ഓരോ മൂന്ന് വർഷം കൂടുമ്പോഴും കരാർ അവസാനിക്കുന്ന മുറയ്ക്ക് വാടക കരാർ പുതുക്കി വാടകയിൽ 15% വർദ്ധനവ് വരുത്തേണ്ടതാണ്. ടിഡ നിരന്തരം ആവശ്യപ്പെട്ടിട്ടും കൺസ്യൂമർ ഫെഡ് കടകളുടെ കരാർ പുതുക്കുവാൻ തയ്യാറാകുന്നില്ല . ആദ്യമായി കരാറിൽ ഏർപ്പെട്ട് (1998-99 കാലയളവിൽ) മൂന്ന് വർഷത്തിനു ശേഷം 15% വർദ്ധനവ് വരുത്തി കരാർ പുതുക്കുകയും വാടക നൽകുകയും ചെയ്തിരുന്നു. അതിനുശേഷം നാളിതുവരെ വാടകക്കരാർ പുതുക്കിയിട്ടില്ല. വാടക കുടിശ്ശിക അടച്ചു തീർത്ത് കരാർ പുതുക്കുവാൻ ടിഡ നിരന്തരം ആവശ്യപ്പെടുന്നുണ്ട്. കൺസ്യൂമർ ഫെഡിന് 20.03.2015 ൽ കേരള പബ്ളിക്ക് ബിൽഡിംഗ് എവിക്ഷൻ ഓഫ് അൺ ഓതറൈസ്ഡ് ഒക്കുപെൻറ്സ് ആക്ട് 1968(4) പ്രകാരമുള്ള എവിക്ഷൻ നോട്ടീസ് വരെ ടിഡ നൽകിയിട്ടുണ്ട്.പഴയ

നിരക്കിലുള്ള വാടകയാണ് കൺസ്യൂമർ ഫെഡ് തുടർന്നും നൽകികൊണ്ടിരിക്കുന്നത്.

**31.03.2015** ൽ കൺസ്യൂമർഫെഡ് ഒടുക്കാനുള്ള കുടിശ്ശികയുടെ കണക്ക് (ട്രിഡയുടെ സ്റ്റേറ്റ്മെന്റ് പ്രകാരം) ചുവടെ ചേർക്കുന്നു.

| കടമുറി | കാലയളവ് | ഒടുക്കേണ്ട വാടക | ഒടുക്കിയ വാടക | വ്യത്യാസം | പലിശ | സേവന നികുതി | ആകെ |
|---|---|---|---|---|---|---|---|
| **കേദാരം** കടമുറി നം.4 | ഓഗസ്റ്റ് 2011–മാർച്ച് 2015 | **205757** | **112938** | **92819** | **25903.05** | **11166.3948** | **129888.4448** |
| എസ്10&എസ് 11 | ഓഗസ്റ്റ് 2011–മാർച്ച് 2015 | **606480** | **365694** | **240786** | **66060** | **29013.7816** | **335859.7816** |
| എസ്4 മുതൽ എസ്9 വരെ | നവംബർ 2012–മാർച്ച് 2015 | | | **1015457** | **201514.15** | **142689.1592** | **1359660** |
| **സാഫല്യം** ജി7 | ഓഗസ്റ്റ്2011–മാർച്ച് 2015 | **138041** | **84294** | **53747** | **14414.36** | **6470.913** | **74632.273** |
| ജി10 | ഓഗസ്റ്റ്2011–മാർച്ച് 2015 | **290495** | **174132** | **116363** | **30634.64** | **14026.6628** | **161024.3028** |
| ജി19 | ഏപ്രിൽ 2012–മാർച്ച്2015 | **811583** | **492938** | **318645** | **7243.62** | **39384.522** | **365273.142** |
| **ആകെ** | | | | | | | **2426337.95** |

വാടക ഒടുക്കിയതിലുള്ള കുറവ് , പിഴപലിശ, സേവന നികുതി എന്നിവയുൾപ്പെടെ 31.03.2015 ൽ ₹24.26 ലക്ഷം രൂപ കുറവായാണ് കൺസ്യൂമർ ഫെഡ് ഒടുക്കിയിട്ടുള്ളത്. കൺസ്യൂമർ ഫെഡിൽ നിന്ന് തുക ഈടാക്കുന്നതിനും വാടകക്കരാർ പുതുക്കുന്നതിനും സത്വര നടപടികൾ ട്രിഡയുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതാണ്. ഇത് സംബന്ധിച്ച് ട്രിഡ സ്വീകരിച്ച നടപടികളും വിശദാംശങ്ങളും ആഡിറ്റിനെ അറിയിക്കേണ്ടതാണ്.

**2(11) <u>അപ്രന്റീസ് ട്രെയിനികൾക്ക് നൽകിയ സ്റ്റൈപന്റ് – കേന്ദ്ര സർക്കാരിൽ നിന്ന് 2001 മുതൽ ലഭിക്കുവാനുള്ള തുക ലഭ്യമാക്കിയിട്ടില്ല.</u>**

കേന്ദ്ര സർക്കാരിന്റെ മാനവവിഭവശേഷി മന്ത്രാലയത്തിൻ കീഴിലുള്ള അപ്രന്റീസ് ട്രെയിനിംഗ് ബോർഡു നൽകുന്ന പാനൽ ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂ ചെയ്ത് അപ്രന്റീസ് ട്രെയിനികളായി ട്രിഡ നിയമിക്കാറുണ്ട്. അപ്രന്റീസുകൾക്കായി സർക്കാർ നിയന്ത്രണ സ്ഥാപനങ്ങൾ ചെലവിടുന്ന സ്റ്റൈപന്റ് തുകയുടെ 50% ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് കേന്ദ്രസർക്കാർ മടക്കി നൽകുന്നതാണെന്ന് അപ്രന്റീസ് ട്രെയിനിംഗ് ബോർഡിന്റെ 11.06.2001 ലെ ബി .എ.റ്റി/എസ്.ആർ / 531/01–)ം നമ്പർ സർക്കുലറിലും
സർക്കാർ ഉത്തരവ് 2038/11/ഹ.എഡ്യു തീയതി 15.12.2011 ലെ ഉത്തരവിലും വ്യവസ്ഥചെയ്യുന്നുണ്ട്. ഡിപ്ലോമക്കാരായ അപ്രന്റീസ് ട്രെയിനികളുടെ പ്രതിമാസ സ്റ്റൈപന്റ് 23.3.2011 മുതൽ 1850/- രൂപയിൽ നിന്നും 2530/- രൂപയാക്കി ഉയർത്തിയിട്ടുമുണ്ട്.

ഇപ്രകാരം 2001 മുതൽ ട്രിഡ നിയമിച്ച അപ്രന്റീസ് ട്രെയിനികൾക്ക് സ്റ്റൈപന്റ് ഇനത്തിൽ നൽകിയ തുകകളുടേയും കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കാനുള്ള തുകകളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ചെലവ് (₹) | അർഹതപ്പെട്ട വിഹിതം (₹) | അഭിപ്രായം |
|---|---|---|---|
| 2001-02 | 79875 | 39939 | |
| 2002-03 | 61335 | 30668 | |
| 2003-04 | 25795 | 12897 | |
| 2004-05 | 56472 | 28236 | |
| 2005-06 | 47850 | 23925 | |
| 2006-07 | 37169 | 18584 | |

| | | | |
|---|---|---|---|
| 2007-08 | 32923 | 16462 | |
| 2008-09 | 48815 | 2440 | |
| 2009-10 | | | ട്രെയിനികളെ നിയോഗിച്ചിട്ടില്ല |
| 2010-11 | | | ട്രെയിനികളെ നിയോഗിച്ചിട്ടില്ല |
| 2011-12 | 14974 | 73987 | |
| 2012-13 | 25300 | 12650 | |
| 2013-14 | | | ട്രെയിനികളെ നിയോഗിച്ചിട്ടില്ല |
| 2014-15 | 21545 | 10773 | |
| **ആകെ** | **452053** | **226027** | |

2007-08, 2008-09, 2012-13 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇതു സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിൽ നിന്ന് മേൽതുക ലഭ്യമാക്കുന്നതിനായി അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ് ബോർഡ് ഡയറക്ടർക്ക് ടിഡ കത്തുകളയച്ചിട്ടുണ്ടെങ്കിലും നാളിതുവരെ തുകയൊന്നും ലഭ്യമായിട്ടില്ല. അർഹതപ്പെട്ട കേന്ദ്രവിഹിതം ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം 3

## ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3(1) 2011-12, 2012-13 വർഷങ്ങളിലെ വാർഷിക കണക്കുകൾ തയ്യാറാക്കിയ ഇനത്തിൽ ചെലവഴിച്ച ₹ 75,843/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2011-12, 2012-13 വർഷങ്ങളിലെ വാർഷിക കണക്കുകൾ തയ്യാറാക്കിയ ഇനത്തിൽ ₹75,843/-, വിജയകുമാരൻ & ഈശ്വരൻ, ചാർട്ടേർഡ് അക്കൌണ്ടന്റ്സ്, ശാസ്തമംഗലം, തിരുവനന്തപുരം -ന് വൌച്ചർ നം.48/2014-15 തിയതി.23.04.2014 (ചെക്ക് നം.337916 തിയതി : 24.04.2014) പ്രകാരം

അനുവദിച്ചിട്ടുണ്ട്. ഒരു അക്കൗണ്ട്സ് ഓഫീസറും നാല് അസിസ്റ്റന്റുമാരും ഉൾപ്പെടുന്ന അക്കൗണ്ട്സ് സെക്ഷനാണ് ട്രിഡയിൽ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ തയ്യാറാക്കുന്നതുൾപ്പെടെയുള്ള അക്കൗണ്ട്സുമായി ബന്ധപ്പെട്ട ജോലികൾ നിർവ്വഹിക്കുന്നത് . വാർഷിക കണക്കുകൾ തയ്യാറാക്കേണ്ട ഉത്തരവാദിത്തം അക്കൗണ്ട്സ് സെക്ഷനാണെന്നിരിക്കെ, ആയത് തയ്യാറാക്കാൻ ചാർട്ടേർഡ് അക്കൗണ്ടന്റ്സിനെ ചുമതലപ്പെടുത്തിയ നടപടി ശരിയല്ല.

2012-13 കാലയളവിലെ വാർഷിക കണക്കുകൾ തയ്യാറാക്കിയ സാഹചര്യത്തിൽ ബാങ്ക് പാസ്സ്ബുക്ക്, ക്യാഷ് ഇൻ ഹാൻഡ് എന്നിവയുമായി താരതമ്യം ചെയ്തപ്പോൾ 2 കോടിയോളം രൂപ വ്യത്യാസം കണ്ടെത്തിയിരുന്നെന്നും, പ്രസ്തുത ന്യൂനത 2011-12 ലെ വാർഷിക കണക്കുകളിൽ വന്നിട്ടുള്ളതാണെന്നും , എന്നാൽ ദൈനംദിന ജോലിയോടൊപ്പം മുൻകാലങ്ങളിലെ അക്കൗണ്ടുകൾ കൂടി പരിശോധിക്കാൻ നിർവാഹമില്ലാത്തതിനാൽ 19.10.2013 ൽ ട്രിഡ ചെയർമാന്റെ അദ്ധ്യക്ഷതയിൽ കൂടിയ അക്കൗണ്ടന്റ്സ് സെക്ഷന്റെ മീറ്റിംഗിൽ ഒരു ചാർട്ടേർഡ് അക്കൗണ്ടന്റിനെ നിയമിക്കാൻ തീരുമാനിക്കുകയുണ്ടായിയെന്നും ആണ് ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.03/2014-15 തിയതി:01.12.2016) മറുപടി നൽകിയിട്ടുള്ളത്. പ്രസ്തുത മീറ്റിംഗിന്റെ മിനിട്ട്സിന്റെ പകർപ്പും ബന്ധപ്പെട്ട ഫയലും (നം.എഫ്2/1240/2003/ട്രിഡ) മറുപടിക്കൊപ്പം പരിശോധനയ്ക്കായി ഹാജരാക്കിയിരുന്നു. ആയവ പരിശോധിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(i) പ്രസ്തുത അപാകതകൾ പരിഹരിക്കാൻ അക്കൗണ്ട്സ് സെക്ഷൻ സ്വീകരിച്ച നടപടികളെക്കുറിച്ച് പ്രതിപാദിക്കുന്നില്ല.

(ii) അപാകതകൾ പരിഹരിക്കാൻ കൂടിയ അക്കൗണ്ട്സ് സെക്ഷന്റെ മീറ്റിംഗിൽ ശ്രീ .വിജയകുമാർ, ചാർട്ടേർഡ് അക്കൗണ്ടന്റിനെയും ഉൾപ്പെടുത്തിയിരുന്നു. അക്കൗണ്ട്സിലെ അപാകതകൾ പരിഹരിക്കാൻ ഒരു ചാർട്ടേർഡ് അക്കൗണ്ടന്റിനെ നിയമിക്കാൻ തീരുമാനമെടുത്ത മീറ്റിംഗിൽ ട്രിഡ ജീവനക്കാരനല്ലാത്ത ചാർട്ടേർഡ് അക്കൗണ്ടന്റിനെ കൂടി ഉൾപ്പെടുത്തിയതിനെക്കുറിച്ചുള്ള വിശദീകരണങ്ങളൊന്നുമില്ല.

(iii) അക്കൗണ്ട്സിലെ അപാകതകൾ പരിഹരിക്കാൻ ചാർട്ടേർഡ് അക്കൗണ്ടന്റിനെ ചുമതലപ്പെടുത്തിയതിലൂടെ ട്രിഡയ്ക്ക് ഉണ്ടായ അധിക ബാധ്യതയ്ക്ക് ട്രിഡ കൌൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന കാര്യവും വ്യക്തമല്ല.

ഈ കാരണങ്ങളാൽ 2011-12, 2012-13 വർഷങ്ങളിലെ വാർഷിക കണക്കുകൾ തയ്യാറാക്കിയ ഇനത്തിൽ ചെലവഴിച്ച ₹ 75,843/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3(2)സേവനപുസ്തക പരിപാലനത്തിലെ അപാകതകൾ

ട്രിഡയിലെ ജീവനക്കാരുടെ ലഭ്യമായ സേവനപുസ്തകങ്ങൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**(എ) സേവനപുസ്തകങ്ങളുടെ വാർഷിക പരിശോധന നടത്തുന്നില്ല**

കെ.എസ്.ആർ പാർട്ട് III റൂൾ 150 പ്രകാരം, എല്ലാ വർഷവും ഏപ്രിലിൽ സേവനപുസ്തകങ്ങളുടെ വാർഷിക പരിശോധന നടത്തി ഓഫീസ് തലവൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ, സേവനപുസ്തകങ്ങളിൽ വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ട നിർദ്ദിഷ്ട പേജിൽ രേഖപ്പെടുത്തലുകളൊന്നും വരുത്തിയിട്ടില്ല.

**(ബി) പ്രൊബേഷൻ, പ്രൊമോഷൻ, അന്യത്രസേവനം, ശൂന്യവേതനാവധി എന്നിവ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല**

(i) ശ്രീ.അജയ്.ആർ.എസ്, ഓവർസീയർ ഗ്രേഡ് II ന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്ത വിവരം സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല . ട്രിഡ സെക്രട്ടറിയുടെ 21.06.2016 ലെ ഉത്തരവ് നം .എ 1/1268/2016/ട്രിഡ പ്രകാരം 21.06.2016 മുതൽ പ്രാബല്യത്തിൽ ഓവർസീയർ /ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I തസ്തികയിൽ പ്രൊമോഷൻ അനുവദിക്കുകയും ഉത്തരവിന്റെ പകർപ്പ് ഈ ഓഫീസിൽ നൽകുകയും ചെയ്തിട്ടുണ്ട് . എന്നാൽ പ്രസ്തുത പ്രൊമോഷൻ സംബന്ധിച്ച വിവരങ്ങളൊന്നും സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

(ii) സ.ഉ(സാധാ)നം.1019/2015/ജലവിഭവ തീയതി.02.12.2015 പ്രകാരം ശ്രീ.ബിനീഷ്.ടി.കെ, അസിസ്റ്റന്റ് എഞ്ചിനിയറുടെ, ജലവിഭവ വകുപ്പ് - കാഡയിലെ അന്യത്രസേവന കാലാവധി 22.04.2015 മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ചിട്ടുണ്ടെന്ന് സേവനപുസ്തകത്തിൽ (പേജ് 35) രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ, അന്യത്രസേവനം അനുവദിച്ച ഉത്തരവ്, ടിഡയിൽ നിന്നും വിടുതൽ ചെയ്ത ഉത്തരവ് തുടങ്ങിയവയൊന്നും സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

(iii) ശ്രീ.അസീസ്.വി.പി, അസിസ്റ്റന്റ് എഞ്ചിനിയർ 09.01.2009 മുതൽ 2 വർഷത്തേയ്ക്കും, 09.01.2011 മുതൽ 3 വർഷത്തേയ്ക്കും, 19.03.2012 മുതൽ 31.03.2012 വരെ 13 ദിവസത്തേയ്ക്കും, 16.04.2012 മുതൽ 27.04.2012 വരെ 12 ദിവസത്തേയ്ക്കും, 01.06.2014 മുതൽ 5 വർഷത്തേയ്ക്കും (പേജ് നം.43, 45, 48) ശൂന്യവേതനാവധി എടുത്തിട്ടുണ്ട്. സേവനപുസ്തകത്തിലെ ലീവ് അക്കൗണ്ടിൽ ശൂന്യവേതനാവധി രേഖപ്പെടുത്തേണ്ട പേജിൽ പ്രസ്തുത അവധികൾ രേഖപ്പെടുത്തിയിട്ടില്ല.

**(സി) ആർജിതാവധി, ഡയസ്നോൺ എന്നിവ അനുവദിച്ച ദിവസങ്ങൾ ആകെ ദിവസങ്ങളിൽ നിന്നും കുറവ് ചെയ്യാതെ ആർജിതാവധി കണക്കാക്കിയിരിക്കുന്നു.**

ആർജിതാവധി കണക്കാക്കുന്ന കാലയളവിനുള്ളിൽ അനുവദിച്ചിട്ടുള്ള ശൂന്യവേതനാവധി, അർദ്ധവേതനാവധി, പരിവർത്തിതാവധി, ആർജിതാവധി, ഡയസ്നോൺ എന്നിവ ആകെ ദിവസങ്ങളിൽ നിന്നും കുറവ് ചെയ്ത ശേഷം , ബാക്കി ദിവസങ്ങൾക്ക് മാത്രമേ ആർജിതാവധി കണക്കാൻ പാടുള്ളൂ . ആർജിതാവധി, ഡയസ്നോൺ എന്നിവ അനുവദിച്ച ദിവസങ്ങൾ ആകെ ദിവസങ്ങളിൽ നിന്നും കുറവ് ചെയ്യാതെ ആർജിതാവധി കണക്കാക്കി നല്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(i) ശ്രീമതി.ബി.ഗീത, ഡെപ്യൂട്ടി ടൌൺ പ്ലാനർ – 08.01.2013 മുതൽ 12.01.2013 വരെയും 22.09.15 നും (പേജ് നം.118) എടുത്ത ഡയസ്നോൺ

(ii) ശ്രീമതി.മരിയ ജാസ്മിൻ.ഡി, അസിസ്റ്റന്റ് എഞ്ചിനിയർ – 02.05.2015, 23.05.2015, 05.06.2015, 20.06.2015, 17.08.2015, 18.08.2015, 20.08.2015 എന്നീ ദിവസങ്ങളിൽ എടുത്ത ആർജിതാവധി

(iii) ശ്രീമതി.എ.എസ്.ബീന, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ – 30.05.2014, 31.05.2014, 07.07.2014 മുതൽ 10.07.2014 വരെ, എന്നീ ദിവസങ്ങളിൽ എടുത്ത ആർജിതാവധി

(iv) ശ്രീമതി.കൃഷ്ണകുമാരി.എൽ, സീനിയർ ഗ്രേഡ് അസിസ്റ്റന്റ് – 17.03.2013 മുതൽ 20.03.2013 വരെ, 15.05.2013, 18.05.2013, 23.05.2013, 25.05.2013, 26.05.2013, 27.05.2013, 04.06.2013, 11.06.2013, 12.06.2013, 21.06.2013, 24.06.2013, 25.09.2013, 26.09.2013 എന്നീ ദിവസങ്ങളിൽ എടുത്ത ആർജിതാവധി

**(ഡി) മൂന്നു വർഷ സേവനം പൂർത്തിയാകുന്നതിനു മുമ്പ് ആദ്യവർഷത്തെ ആർജിതാവധി $^{1}/_{11}$ പ്രകാരം ക്രമീകരിച്ചു**

ജി.ഒ (പി) നം.75/07/ഫിൻ തീയതി.27.02.2007 പ്രകാരം മൂന്നു വർഷ സേവനം പൂർത്തിയായ ശേഷം മാത്രമേ ആദ്യവർഷത്തെ ആർജിതാവധി $^{1}/_{11}$ പ്രകാരം ക്രമീകരിക്കാൻ പാടുള്ളൂ. എന്നാൽ ടിഡ സെക്രട്ടറിയുടെ 11.11.2015 ലെ എ 1-03/2011 നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി.ബേബി.വി, എൽ.ഡി.ടൈപ്പിസ്റ്റ് ന് 25.10.2015 ൽ പ്രൊബേഷൻ ഡിക്ലയർ ചെയ്തതിനെത്തുടർന്ന് ആദ്യവർഷത്തെ ആർജിതാവധി $^{1}/_{11}$ പ്രകാരം ക്രമീകരിച്ച് നൽകിയിട്ടുണ്ട്. മൂന്നു വർഷ സേവനം പൂർത്തിയാകാതെ, പ്രൊബേഷൻ ഡിക്ലയർ ചെയ്തതിനെത്തുടർന്ന് ആദ്യവർഷത്തെ ആർജിതാവധി $^{1}/_{11}$ പ്രകാരം ക്രമീകരിച്ച് നൽകിയ നടപടി തെറ്റാണ്. നിലവിൽ മൂന്നു വർഷ സേവനം പൂർത്തിയാക്കിയതിനാൽ തുടർ നടപടികളൊന്നും സ്വീകരിക്കേണ്ടതില്ലായെങ്കിലും ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**(ഇ)സേവനപുസ്തകത്തിലെ രേഖപ്പെടുത്തലുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.**

ശ്രീ.ബിനീഷ്.ടി.കെ, അസിസ്റ്റന്റ് എഞ്ചിനിയർക്ക് 20.06.2003 മുതൽ 5 വർഷത്തേയ്ക്ക് അനുവദിച്ച ശൂന്യവേതനാവധി പേജ് 132 ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ, 01.04.2012 ൽ 30 ദിവസത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചുകൊണ്ടുള്ള 31, 114, 115 എന്നീ പേജുകളിലെ രേഖപ്പെടുത്തലുകളും സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച ശേഷം സേവനപുസ്തകങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3(3) <u>പദ്ധതി അവലോകനം</u>

2014-15 വർഷം ടിഡ ഏറ്റെടുത്ത് നടപ്പിലാക്കിയതും മുൻവർഷങ്ങളിൽ തുടങ്ങിയതും തുടരുന്നതുമായ വിവിധ പദ്ധതികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

**(എ)<u>ചാല വെജിറ്റബിൾ മാർക്കറ്റും മാലിന്യ നിർമാർജ്ജന പ്ലാൻറ് നിർമ്മാണവും</u>**

2013-14 ബജറ്റിലുൾപ്പെട്ട ഒരു പ്രോജക്ടാണ് മാലിന്യ നിർമാർജ്ജനപ്ലാൻറ്. ചാല വിശദ നഗരാസൂത്രണ പദ്ധതിയിലുൾപ്പെടുത്തിയ വെജിറ്റബിൾ

മാർക്കറ്റ് നിർമ്മാണത്തിനായി ഏറ്റെടുത്ത 5.5 ഏക്കർ ഭൂമിയിൽ നിന്നും 2 ഏക്കർ ഭൂമി M/S Loro group ന് വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പ്ലാൻറ് നിർമ്മാണത്തിനായി കൈമാറുന്നതിന് സർക്കാർ ഉത്തരവിട്ടു. 2014-15 ൽ 10 കോടി രൂപ ലഭിച്ചിട്ടുണ്ട്.

2015-16 ൽ വരവും ചെലവും നടന്നിട്ടുണ്ടെങ്കിലും നാളിതുവരെയായിട്ടും ഖരമാലിന്യ പ്ലാന്റ് നിർമ്മാണം, ,വെജിറ്റബിൾ മാർക്കറ്റ് നിർമ്മാണം ഇവ തുടങ്ങിയിട്ടില്ല.

ഭരണസമിതി ഈ വിഷയം ഗൌരവമായി പരിഗണിച്ച് ഉചിതമായ തീരുമാനം കൈകൊള്ളേണ്ടതാണ്. പ്രോജക്ട് നടപ്പിലാകാത്തപക്ഷം അതിനുവേണ്ടി ചെലവഴിച്ച തുകകൾ നഷ്ടമായി കണക്കാക്കി തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**(ബി) <u>ആനയറ ബസ് ഡിപ്പോയിൽ നിന്നും വേളി റെയിൽവെസ്റേറഷനിലേയ്ക്ക് റോഡ് നിർമ്മാണവും പാർവതിപുത്തനാറിലെ പാലം നിർമ്മാണവും</u>**

16.02.2014 ൽ നിർമ്മാണ ഉദ്ഘാടനം നടന്ന ആനയറ ബസ് ഡിപ്പോ പ്രൊജക്ടാണിത്.അവിടെനിന്നും വേളി റെയിൽവെസ്റ്റേഷനിലേയ്ക്കുള്ള റോഡിനും പാർവതി പുത്തനാറിന് കുറുകെയുള്ള റോഡിനും ചേർത്ത് അടങ്കൽ തുകയായ 27 കോടി രൂപയുടെ ഈ പ്രൊജക്ടിന് 6.6.2015 ൽ സാങ്കേതിക അംഗീകാരം ലഭിച്ചു. സ്ഥലം ഏറ്റെടുക്കൽ 2014 ൽ തന്നെ പൂർത്തികരിച്ചെങ്കിലും നാളിതുവരെ പ്രോജക്ട് തുടങ്ങിയിട്ടില്ല.

ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പ്രൊജക്ട് നിലവിൽ വന്നാലുള്ള പുരോഗതി സർക്കാരിൻെറ ശ്രദ്ധയിൽപ്പെടുത്തി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**(സി) <u>തകരപ്പറമ്പ്- സൊസൈറ്റി പുനർനിർമ്മാണം</u>**

2013-2014 കാലയളവിൽ തുടങ്ങി പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രോജക്ടാണിത്. തകരപറമ്പിലെ ഫ്ലൈഓവർ നിർമ്മാണത്തിൻെറ ഭാഗമായി പുനരധിവസിപ്പിക്കപ്പെടുന്നവർക്കു വേണ്ടി തിരുവനന്തപുരം സിറ്റി കോർപ്പറേഷൻ വെൽഫയർ കോ ഓപ്പറേറ്റീവ് സൊസൈറ്റി ബിൽഡിംഗിൻെറ പുനർ നിർമ്മാണമാണ് ഈ പ്രോജക്ട്.

കേരളാ റോഡ് ഫണ്ട് ബോർഡിൻെറ ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന ഈ പ്രോജക്ടിന് 12.5% സെന്റേജ് ചാർജ്ജ് ട്രിഡയ്ക്ക് ലഭിക്കുന്നു. 2014

ഏപ്രിൽ 4 ന് ശ്രീ.സുരേഷ് കുമാർ എന്ന കോൺട്രാക്ടർക്ക് 17.5%ടെണ്ടർ എക്സസ് അനുവദിച്ച പണി നല്കി . കരാർ പ്രകാരം രണ്ട് മാസത്തിനകം പണി പൂർത്തീകരിക്കണം. 5.6.2014 ൽ പൂർത്തികരിക്കേണ്ട പണി പൂർത്തീകരിച്ചത് 2015-2016 കാലയളവിലാണ്. കരാർ വ്യവസ്ഥയിൽ അനുശാസിക്കുന്ന പിഴ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ല. അനുബന്ധ കരാറുകൾ ഉണ്ടെങ്കിലും അവ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി അനുമതി വാങ്ങിയിട്ടില്ല.

മറ്റുള്ള സ്ഥാപനങ്ങൾ ട്രിഡയുടെ ഉത്തരവാദിത്വത്തിൽ പ്രോജക്ടുകൾ നല്കുമ്പോൾ സമയനിഷ്ഠപാലിച്ച് പൂർത്തികരിച്ച് നല്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**(ഡി) <u>അട്ടക്കുളങ്ങര ബസ് സ്ററാൻഡ് കം വാണിജ്യ സമുച്ചയം</u>**

അട്ടക്കുളങ്ങര സെൻട്രൽ ഹൈസ്കൂളിന്റെ അധീനതയിലുള്ള 5.5 ഏക്കർ ഭൂമിയിൽ നിന്നും രണ്ട് ഏക്കർ ഭൂമി വ്യവസ്ഥകൾക്ക് വിധേയമായി ബസ്സ്റ്റേയും വാണിജ്യ സമുച്ചയവും നിർമ്മിക്കുന്നതിനായി 3.5.2013 ലെ ജി.ഒ(എം.എസ് നമ്പർ 182/13) നമ്പർ സർക്കാർ ഉത്തരവു പ്രകാരം 30 വർഷത്തേയ്ക്ക് ട്രിഡയ്ക്ക് പാട്ടത്തിനു നൽകിയിരുന്നു. വാർഷിക പാട്ടതുക സെന്റിന് ₹100 രൂപയായാണ് നിശ്ചയിച്ചത്.18.12.2013 ന് ഭൂമി കൈമാറുന്നതിനുള്ള പാട്ടക്കരാറിൽ ട്രിഡയും റവന്യൂ വകുപ്പും ഒപ്പ വയ്ക്കുകയും 9.01.2014 ൽ ട്രിഡയ്ക്ക് ഭൂമി കൈമാറുകയും ചെയ്തു. 2013-14, 2014-15, 2015-16 വർഷങ്ങളിൽ വാർഷിക പാട്ടതുകയായ 20000 രൂപ വീതം ട്രിഡ ഒടുക്കിയിട്ടുണ്ട്. പരിസ്ഥിതി പ്രശ്നം മൂലം ഈ ഭൂമിയിൽ പ്രൊജക്ട് നടപ്പിലാക്കുന്നതിന് നാളിതുവരെ സാധിച്ചിട്ടില്ല . 2014-15 ൽ 7250/- രൂപയുടെ ചെലവും നടന്നിട്ടുണ്ട് . തുടർന്നുള്ള വർഷങ്ങളിലും ചെലവ് നടന്നിട്ടുണ്ട്. പ്രൊജക്ടിന് പല ഭാഗത്തിനിന്നും എതിർപ്പുകൾ വന്നതിനാൽ ഉപേക്ഷിച്ച നിലയിലാണിപ്പോൾ . ആയതിനാൽ വർഷം തോറും നല്കിവരുന്ന പാട്ടതുക തുടർന്ന് അടയ്ക്കേണ്ടതില്ല . അടച്ച തുക തിരികെലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**(ഇ) <u>ജനറൽ ആശുപത്രി ജംഗ്ഷനിൽ നിർമ്മിച്ച പുനരധിവാസ ബ്ലോക്ക്</u>**

തലസ്ഥാന നഗരവികസന പദ്ധതിയിലുൾപ്പെടുത്തിയ പാളയം -എയർപോർട്ട് റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായി ജനറൽ ഹോസ്പിറ്റൽ ജംഗ്ഷനിൽ 10 സെൻറ് സ്ഥലത്ത് മൂന്നു നില വാണിജ്യ സമുച്ചയം നിർമ്മിക്കുന്നതിനായി 29-4-2009 ലെ ട്രിഡ ഭരണസമിതി തീരുമാനിച്ചു . 92 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും 84 ലക്ഷം രൂപയ്ക്ക് സാങ്കേതിക അനുമതിയും ലഭിച്ചു. 6.3% ടെണ്ടർ കുറവിൽ ഒരു വർഷത്തിനുള്ളിൽ പണി പൂർത്തികരിക്കാമെന്ന

വ്യവസ്ഥയിൽ കോൺട്രാക്ടർ ശ്രീ .സജികുമാറിന് 12-1-2011 ൽ സ്ഥലം കൈമാറി. കരാർ പല പ്രാവശ്യം ദീർഘിപ്പിക്കുകയും 2014-2015 ൽ പണി പൂർത്തികരിച്ച് 4.9.2014, 17.9.2014 തിയതികളിൽ അവസാന ബിൽ കൈമാറുകയും ചെയ്തു. ഈ പ്രോജക്ടിന് താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. കരാർ കാലാവധിക്കുള്ളിൽ പണി പൂർത്തികരിച്ചിട്ടില്ല.
2. പല പ്രാവശ്യം കരാർ ദീർഘിപ്പിച്ചിട്ടും ഈ വിവരം സർക്കാരിനെ അറിയിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.
3. കരാർ വ്യവസ്ഥകൾ പാലിക്കാതിരുന്നിട്ടും നടപടികൾ സ്വീകരിച്ചിട്ടില്ല.
4. എക്സ്ട്രാ ഐറ്റം പണിയും പ്രസ്തുത കോൺട്രാക്ടർക്ക് തന്നെ നല്കി.

അപാകതകൾ കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം 7/2014-2015 ന് ലഭ്യമാക്കിയ മറുപടി പ്രകാരം പണികൾക്ക് കുറെ മാറ്റങ്ങൾ വരുത്തേണ്ടി വന്നതിനാലും എക്സ്ട്രാക്ഷൻ വേണ്ടിവന്നതിനാലും കാലാവധി നീട്ടേണ്ടി വന്നു. എന്നാൽ അധിക റേറ്റ് നൽകിയിട്ടില്ല. കൂടാതെ ഫണ്ടിന്റെ അപര്യാപ്തത മൂലവും അവസാന ബിൽ നൽകാൻ വൈകി.

**(എഫ്) <u>കരമന റിവർ പ്രോജക്ട്</u>**

2013-14 ൽ 5 കോടി രൂപ ചെലവിൽ സംയോജിത കരമനനദി പുനരുജ്ജീവന പദ്ധതി (പൈലറ്റ് പ്രോജക്ട്) പ്ലാനിംഗ് ബോർഡിന്റെ അംഗീകാരത്തോടെ നടപ്പാക്കാൻ കേരള സർക്കാർ കേരള ശാസ്ത്ര സാങ്കേതിക വകുപ്പിനെ ചുമതലപ്പെടുത്തി . ട്രിഡ, ശാസ്ത്രസാങ്കേതിക വകുപ്പ് എന്നീ സ്ഥാപനങ്ങൾ ഏകോപിപ്പിച്ച് നോഡൽ ഏജൻസിയായി കരമന നദിയുടെ പുനരുജ്ജീവനത്തിനുതകുന്ന സബ് പ്രോജക്ടുകൾ തിരുവനന്തപുരം കോർപ്പറേഷൻ, പി.ഡബ്ള്യൂ.ഡി, ഇറിഗേഷൻ, സീവേജ് , ബയോഡൈവേഴ്സിറ്റി ബോർഡ് തുടങ്ങിയ സ്ഥാപനങ്ങൾ വഴി നടപ്പാക്കാനാണ് വിഭാവന ചെയ്തിട്ടുള്ളത്. ആകെ ചെലവിന്റെ 5% അംശാദായം എന്ന നിലയ്ക്ക് ട്രിഡയ്ക്ക് ലഭിക്കുമെന്ന് കരാറിൽ വ്യവസ്ഥ ചെയ്യുന്നു. 2014-15 വർഷം ഈ പ്രോജക്ടിനായി കൈമാറിയ തുക 5897804/-രൂപയാണ്. അംശാദായത്തിന്റെ നിരക്ക് താരതമ്യേന ഈ പ്രോജക്ടിന് കുറവാണ്. പി.ഡബ്ല്യൂ.ഡി നിരക്കനുസരിച്ച് 3 കോടിക്കു 5 കോടിക്കും മദ്ധ്യേ ചെലവു പ്രതീക്ഷിക്കുന്ന പദ്ധതിക്ക് 6% അംശാദായം ലഭ്യമാക്കാവുന്നതാണ്.

നോഡൽ ഏജൻസി എന്ന നിലയ്ക്ക് പണിയുടെ ഓരോ ഘട്ടവും വിലയിരുത്തി റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 3(4)ഭവനവായ്പ-വ്യക്തികളിൽ നിന്ന് ഈടാക്കാൻ അവശേഷിക്കുന്നത് ₹56,82,840 ;

ടിഡയുടെ പ്രവർത്തന പരിധിയിലുള്ള പഞ്ചായത്തുകളിലെ വ്യക്തികൾക്ക് ഭവനവായ്പ വിതരണം ചെയ്യുന്നതിനായി 1985-86 മുതൽ 1996-97 വരെ 623.11 ലക്ഷം രൂപ ഹഡ്കോയിൽ നിന്നും കടമായി സ്വീകരിച്ചിരുന്നു. ഹയർ ഇൻകം ഗ്രൂപ്പ്(HIG), മിഡിൽ ഇൻകം ഗ്രൂപ്പ് (MIG), ലോവർ ഇൻകം ഗ്രൂപ്പ് (LIG), ദുർബല വിഭാഗങ്ങൾ (EWS)തുടങ്ങിയ വിഭാഗത്തിലുള്ള വ്യക്തികൾക്ക് ടിഡ വായ്പ നൽകി. ഹഡ്കോയിൽ നിന്നെടുത്ത ലോൺ ബാധ്യതയിൽ അവശേഷിച്ച 321.11242 ലക്ഷം 29.3.2001 ലെ കരാർ പ്രകാരം കെ .യു.ആർ.ഡി.എഫ്.സി എന്ന സർക്കാർ സ്ഥാപനം ഏറ്റെടുത്തു. 21/10/2009 ലെ സർക്കാർ ഉത്തരവു പ്രകാരം ദുർബല വിഭാഗങ്ങൾക്ക് (EWS)അനുവദിച്ച 29,48,440/-രൂപയും 5/12/2012 ലെ സ.ഉ(സാധ ാ)നം 3372/2012/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം താഴ്ന്ന വരുമാന വിഭാഗത്തിലുള്ളവർ (LIG)എടുത്ത 7,51,129/-രൂപയും സർക്കാർ എഴുതിതള്ളിയിട്ടുണ്ട്.

റവന്യൂ റിക്കവറി രജിസ്റ്റർ പ്രകാരം MIG, LIG ലും പെടുന്ന 58 (LIG 8, MIG 50)ഗുണഭോക്താക്കൾ നിലവിൽ റവന്യൂ റിക്കവറി നേരിടുന്നു . ടിഡയിൽ നിന്നു ഭവനവായ്പയെടുത്ത വ്യക്തികളിൽ പലരും വായ്പ എടുത്ത് വർഷങ്ങൾ കഴിഞ്ഞിട്ടും വായ്പ തുകയും പലിശയും തിരികെ അടവാക്കിയിട്ടില്ല . 1990 ൽ റവന്യൂ റിക്കവറി നടപടി തുടങ്ങിയ കേസുകൾ പോലും നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല . റവന്യൂ റിക്കവറി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്കീം : മിഡിൽ ഇൻകം ഗ്രൂപ്പ് (MIG) | | | |
|---|---|---|---|
| ക്രമ നം | കുടിശ്ശികവരുത്തിയവ്യക്തിയുടെ പേര് | റിക്വിസിഷൻ നം | പലിശഉൾപ്പെടെ 31.03.2015 ൽ അടയ്ക്കുവാൻ അവശേഷിക്കുന്നതുക |
| 1 | ശ്രീമതി.സി.രാധാമണി | R.R 128/90 | 65949 |
| 2 | ശ്രീ.എ.സുഗതൻ | R.R 242/93 | 180515 |
| 3 | ശ്രീമതി.ഒ.ചന്ദ്രിക | R.R 245/93 | 451509 |
| 4 | ശ്രീമതി.ബി.വിലാസിനി | R.R 279/01 | 330573 |
| 5 | ശ്രീമതി.തങ്കലക്ഷ്മി അമ്മ | R.R 311/95 | 201130 |
| 6 | ശ്രീ.ജി.കുട്ടൻ | R.R 312/95 | 187929 |
| 7 | ശ്രീമതി.പി.സരസ്വതി | R.R 340/96 | 53856 |

| | | | |
|---|---|---|---|
| | അമ്മ | | |
| 8 | ശ്രീ.പി.വിജയൻ | R.R 387/98 | 294440 |
| **സ്കീം : ലോവർ ഇൻകം ഗ്രൂപ്പ് (LIG)** | | | |
| 1 | ശ്രീ.കെ.സുരേന്ദ്രൻ | R.R 324 | 115116 |
| 2 | ശ്രീ.കെ.ശ്രീകണ്ഠൻ നായർ | R.R 2 | 13048 |
| 3 | ശ്രീ.വി.ശിവശങ്കരൻ | R.R 11 | 50569 |
| 4 | ശ്രീമതി.സി.കമലമ്മ | R.R 14 | 52664 |
| 5 | ശ്രീമതി.കെ.ശാരദ | R.R 22 | 79804 |
| 6 | ശ്രീമതി.എം.മുഹമ്മദ് അബൂസാലി | R.R 24 | 42350 |
| 7 | ശ്രീ.വി.രാജു | R.R 30 | 111553 |
| 8 | ശ്രീ.എസ്.ഭാസ്കരൻ | R.R 31 | 80264 |
| 9 | ശ്രീ.സി.മാത്യൂ | R.R 33 | 79317 |
| 10 | ശ്രീ.കെ.കൃഷ്ണൻ | R.R 36 | 75061 |
| 11 | ശ്രീ.വി.സുന്ദരേശൻ | R.R 40 | 157126 |
| 12 | ശ്രീ.ബാലയാനന്ദൻ | R.R 43 | 53905 |
| 13 | ശ്രീ.കെ.തമ്പി | R.R 45 | 36189 |
| 14 | ശ്രീമതി.ശോഭനാദേവി | R.R 75 | 70881 |
| 15 | ശ്രീ.യൂനസ് ജോർജ്ജ് | R.R 81 | 133474 |
| 16 | ശ്രീ.കെ.ജോൺസൺ | R.R 86 | 75563 |
| 17 | ശ്രീ.സി.രവീന്ദ്രൻ | R.R 102 | 217680 |
| 18 | ശ്രീമതി.സുശീലാദേവി | R.R 131 | 15056 |
| 19 | ശ്രീ.കെ.ദാമോദരൻ | R.R 137 | 116617 |
| 20 | ശ്രീ.സി.സുരേന്ദ്രൻ | R.R 143 | 92146 |
| 21 | ശ്രീ.എസ്.ദിവാകരൻ | R.R 158 | 49452 |
| 22 | ശ്രീ.എൻ.രാമകൃഷ്ണൻ | R.R 192 | 7001 |
| 23 | ശ്രീ.രാജപ്പൻ ആശാരി | R.R 208 | 73527 |
| 24 | ശ്രീ.വി.തുളസീധരൻ നായർ | R.R 219 | 121911 |
| 25 | ശ്രീ.ബാലകൃഷ്ണൻ നാടാർ | R.R 232 | 89946 |
| 26 | ശ്രീ.എം.മാധവൻ പിള്ള | R.R 236 | 73446 |
| 27 | ശ്രീ.എൻ.രവീന്ദ്രൻ നായർ | R.R 247 | 142042 |
| 28 | ശ്രീ.പി.സഹദേവൻ | R.R 255 | 14072 |
| 29 | ശ്രീ.ഡി.ആർ പങ്കജാക്ഷൻ | R.R 276 | 116811 |

| | | | |
|---|---|---|---|
| 30 | ശ്രീമതി.എൻ.ലീലാദേവി | R.R 290 | 69530 |
| 31 | ശ്രീ. ജി.ഗോപകുമാരൻ നായർ | R.R 307 | 160256 |
| 32 | ശ്രീ.കെ.ബേബി | R.R 313 | 121789 |
| 33 | ശ്രീ.എ.ഗോപി | R.R 347 | 48604 |
| 34 | ശ്രീ.കെ.രാജൻ | R.R 337 | 73947 |
| 35 | ശ്രീമതി .എസ്.വിജയകുമാരി | R.R 352 | 45440 |
| 36 | ശ്രീ.സി.ശശിധരൻ നായർ | R.R 378 | 77499 |
| 37 | ശ്രീ.ജി.സുകുമാരൻ നായർ | R.R 381 | 73960 |
| 38 | ശ്രീമതി.എ.സുശീല | R.R 383 | 72718 |
| 39 | ശ്രീമതി.പി.വസുന്ധര | R.R 386 | 56751 |
| 40 | ശ്രീ.എ.രാജേന്ദ്രൻ | R.R 388 | 37813 |
| 41 | ശ്രീ.ജെ.തങ്കരാജൻ | R.R 414 | 101303 |
| 42 | ശ്രീ.കെ.ശശീന്ദ്രൻ | R.R 418 | 63211 |
| 43 | ശ്രീ.കെ.കുട്ടൻ നാടാർ | R.R 436 | 46164 |
| 44 | ശ്രീമതി.റോസമ്മ മിറാൻഡ | R.R 9056/11 | 30522 |
| 45 | ശ്രീ.കുട്ടൻ നാടാർ.കെ. | R.R 9103/11 | 50004 |
| 46 | ശ്രീ.ബാലകൃഷ്ണൻ നായർ.ജി | R.R 9314/11 | 63989 |
| 47 | ശ്രീമതി.സുഭാഷിണി.ജെ | R.R 9326/11 | 20594 |
| 48 | ശ്രീ.എൻ.കൃഷ്ണപിള്ള | R.R296 | 61099 |
| 49 | ശ്രീമതി.എസ്.ഉഷ | R.R 9069/11 | 86561 |
| 50 | ശ്രീ.ചന്ദ്രൻ ചെട്ടിയാർ | R.R 39 | 198594 |
| | | **ആകെ** | **5682840** |

2014-15 വർഷത്തെ ഹൌസിംഗ് ലോൺ ഡി .സി.ബി സ്റ്റേറ്റ്മെന്റ് ചുവടെ ചേർക്കുന്നു

| **ഡിമാന്റ്** | | | | **കളക്ഷൻ** | | | | **ബാലൻസ്** | | | |
|---|---|---|---|---|---|---|---|---|---|---|---|
| മുതൽ | പലിശ | പിഴ പലിശ | ആകെ | മുതൽ | പലിശ | പിഴ പലിശ | ആകെ | മുതൽ | പലിശ | പിഴ പലിശ | ആകെ |
| **1982926** | **2391570** | **1312859** | **5687355** | **0** | **4515** | **0** | **4515** | **1982926** | **2387055** | **1312859** | **5682840** |

2014-15 വർഷം 4515/- രൂപ പലിശ ലഭിച്ചതല്ലാതെ റവന്യൂ റിക്കവറിയിലൂടെ തുകയൊന്നും ഈടാക്കിയിട്ടില്ല,

റിക്കവറികേസുകൾ തീർപ്പാക്കാതെ ദീർഘിപ്പിക്കുന്നത് സ്ഥാപനത്തിന് ഗുണകരമല്ല. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുവാൻ, വിഷയം റവന്യൂ അധികാരികളുടെയും സർക്കാരിന്റെയും അടിയന്തിര ശ്രദ്ധയിൽ കൊണ്ടുവരുവാൻ നിർദ്ദേശിക്കുന്നു. ആയതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## <u>ഭാഗം 4</u>

### ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

### 4(1) <u>ഗ്രാന്റ്, പ്ലാൻഫണ്ട് വിവരങ്ങൾ</u>

**(എ) ഗ്രാന്റ്**

2014-15 വർഷം കരമന റിവർ പ്രോജക്ടിനായി ജി.ഒനം.262/2014/കെ.എസ്.സി.എസ്.ടി.ഇ തീയതി 19.07.2014 പ്രകാരം 2,54,25,872/- രൂപ ലഭിച്ചിട്ടുണ്ട്.

**(ബി) പ്ലാൻഫണ്ട്**

തകരപറമ്പ് പുനരധിവാസ ബ്ലോക്കിന്റെ നിർമ്മാണത്തിനായി പ്ലാൻ ഫണ്ടായി ജി.ഒ നമ്പർ 891 / കെ.ആർ.എഫ്.ബി/എ.ഇ.ഇ - IV/2012 തീയതി 29.03.2014 പ്രകാരം 21,92,000/-രൂപ ലഭിച്ചിട്ടുണ്ട്.

### 4(2) <u>ട്രിഡയുടെ ബാദ്ധ്യതകൾ</u>

**(എ)സർക്കാരിൽ നിന്നുള്ള വായ്പ**

ട്രിഡ വിവിധ വികസന പ്രവർത്തനങ്ങൾക്ക് 1994-95 മുതൽ സർക്കാരിൽ നിന്നും വായ്പ എടുത്തിട്ടുണ്ട് . നഗരത്തിലെ പ്രധാന റോഡുകളുടെ വികസനം, ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം, റോഡ് വികസനത്തിനായി ലാന്റ് അക്വിസിഷൻ നടപടികൾ , കാപിറ്റൽ റീജിയൻ വികസനം മുതലായവയ്ക്കാണ് പ്രധാനമായും വായ്പ എടുത്തിട്ടുള്ളത്. 2014 -15 സാമ്പത്തിക വർഷത്തിൽ സർക്കാരിൽ നിന്നും വായ്പ എടുത്തിട്ടില്ല. എന്നാൽ 1994-95 മുതൽ 2014-15 വരെയുള്ള വായ്പ തുകയായ 3625.9 ലക്ഷം രൂപയിൽ നാളിതുവരെ മുതലോ, പലിശയോ തിരികെ അടച്ചിട്ടില്ല. ട്രിഡയുടെ സാമ്പത്തിക സ്ഥിതി

മോശമായതിനാൽ ഈ ബാദ്ധ്യതകൾ ഗ്രാന്റായി പരിഗണിക്കണമെന്ന് കാണിച്ച് ട്രിഡ സർക്കാരിന് കത്തുകൾ അയച്ചിട്ടുണ്ടെങ്കിലും സർക്കാർ പരിഗണിച്ചിട്ടില്ല . വായ്പകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

**(ബി) <u>കെ.യു.ആർ.ഡി.എഫ്.സി (ടേക്ക് ഓവർ) വായ്പ - ട്രിഡയുടെ സ്ഥാപനങ്ങൾ ജപ്തി ഭീഷണിയിൽ</u>**

തിരുവനന്തപുരം വികസന അതോറിറ്റിയുടെ പ്രവർത്തന പരിധിയിലുള്ള പഞ്ചായത്തുകളിലെ വ്യക്തികൾക്ക് ഭവന നിർമ്മാണ വായ്പ വിതരണം ചെയ്യുന്നതിനായി 1985-86 മുതൽ 1996-97 വരെ 623.11 ലക്ഷം രൂപയും 1992-93 മുതൽ 1994 വരെ പാളയം മാർക്കറ്റ് വികസന പദ്ധതി ,കേശവദാസപുരം കേദാരം ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണം, ചാല മാർക്കറ്റ് വികസന പദ്ധതി എന്നിവക്കായി 623 ലക്ഷം രൂപയും ഉൾപ്പെടെ 1246 ലക്ഷം രൂപ ട്രിഡ ഹഡ്കോയിൽ നിന്നും വായ്പയായി സ്വീകരിച്ചിട്ടുണ്ട്. ട്രിഡയും ഹഡ്കോയും അംഗീകരിച്ച സമയക്രമ പ്രകാരം വായ്പതുകയും പലിശയും തിരിച്ചടച്ചു വന്നിരുന്നുവെങ്കിലും ഭരണഘടനയുടെ 72,73-ാം ഭേദഗതികൾ നിലവിൽ വന്നതോടെ ട്രിഡ ഉൾപ്പെടെയുള്ള വികസനഅതോറിറ്റികളിൽ അർപ്പിതമായിരുന്ന പദ്ധതികളൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിലാവുകയും ട്രിഡയുടെ സാമ്പത്തിക സ്രോതസ്സിൽ വൻ ശോഷണമുണ്ടാവുകയും ചെയ്തു. ഇത് ഹഡ്കോയിൽ നിന്നെടുത്ത വായ്പയുടെ തിരിച്ചടവിനെ സാരമായി ബാധിച്ചു. തത് ഫലമായി ഹഡ്കോ വായ്പ കുടിശ്ശികയും പലിശ്ശയും ഭീമമായി വർദ്ധിച്ചു. ട്രിഡ ഉൾപ്പെടെയുള്ള വികസന അതോറിറ്റികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഹഡ്കോ ലോൺ തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ മറ്റ് വികസന പ്രവർത്തികൾക്കായി ഹഡ്കോയിൽ നിന്ന് സംസ്ഥാനത്തിന് ലോൺ ലഭിക്കാൻ പ്രയാസം നേരിട്ടു . സർക്കാർ ഈ വിഷയത്തിൽ ഇടപെടുകയും സ്ഥാപനങ്ങളുടെ ലോൺ ബാദ്ധ്യത കേരള സർക്കാർ സ്ഥാപനമായ കെ .യു.ആർ.ഡി.എഫ്.സി.യോട് ഏറ്റെടുക്കാൻ ആവശ്യപ്പെടുകയും ചെയ്തു. ഈ ആവശ്യത്തിനായി 50 കോടി രൂപ അന്ന് കെ.യു.ആർ.ഡി.എഫ്.സി യ്ക്ക് സർക്കാർ വായ്പയായി നൽകി.

31.12.2000 ലെ കണക്കുപ്രകാരമുള്ള ഹഡ്കോ കുടിശ്ശിക താഴെ പറയുന്നു.

(തുക ലക്ഷത്തിൽ)

| വായ്പ എടുത്ത ആവശ്യം | പലിശ നിരക്ക് | തിരിച്ചടയ്ക്കാനുള്ള വായ്പ കുടിശ്ശിക (രൂപ) | പലിശ | പിഴ പലിശ | ഇന്ററസ്റ്റ് ടാക്സ് | ആകെ |
|---|---|---|---|---|---|---|
| ഭവന നിർമ്മാണ വായ്പകൾ നൽകുന്നതിന് | 7% മുതൽ 16.5% വരെ | 102.59 | 21.350 | 4.4369 | .23342 | 128.61032 |
| കേദാരം ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണത്തിന് | 16% | 200.00 | 58.59527 | 17.61069 | .14643 | 276.35239 |
| സാഫല്യം ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണത്തിന് | 20% | 178.62 | 178.593 | | .17862 | 357.39162 |
| **ആകെ** | | 481.21 | 258.53827 | 22.04759 | .55847 | 762.35433 |

31.3.2001 ൽ 833 ലക്ഷം രൂപ ടിഡ ഒടുക്കുവാൻ അവശേഷിക്കുന്നുവെന്ന് ഹഡ്കോ അറിയിച്ചിരുന്നു. ഹഡ്കോയുടെ കടബാദ്ധ്യത ഏറ്റെടുക്കുന്നതിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ 2932/1, 2956/4, 2957/5 എന്നീ സർവ്വേ നമ്പരുകളിലുള്ള 39.34 ആർ ഭൂമിയും അതിലെ കെട്ടിടവും ഈടുവയ്ക്കുന്നതിനും 26.03.2001 ലെ സർക്കാർ ഉത്തരവ് (കൈ)1227/2001/എൽ.എസ്.ജി.ഡി പ്രകാരം അനുവാദം ലഭിച്ചു.

പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിഡ ഹഡ്കോയ്ക്ക് നൽകുവാനുണ്ടായിരുന്ന ലോൺ ബാദ്ധ്യതയായ 631.03 ലക്ഷം രൂപ ഒടുക്കുന്നതിനായി 29.3.2001 ൽ കെ.യു.ആർ.ഡി.എഫ്.സി യുമായി കരാറിൽ ഏർപ്പെട്ടു.

കെ.യു.ആർ.ഡി.എഫ്.സി ഏറ്റെടുത്ത ലോൺ ബാദ്ധ്യതയുടെ വിശദാംശങ്ങൾ

ചുവടെ:

(തുക ലക്ഷത്തിൽ)

| ഇനം | ഭവന പദ്ധതി | അർബൻ ഇൻ ഫ്രാസ്ട്രക്ച്ചർ(U.I സ്കീം) | ആകെ |
|---|---|---|---|
| മുതൽ | 310.54 | 178.62 | 489.16 |
| പലിശ | 120.13 | 223.71 | 343.84 |
| ആകെ | 430.67 | 402.33 | 833.00 |

ഹഡ്കോ കെ.യു.ആർ.ഡി.എഫ്.സി യ്ക്ക് അനുവദിച്ച ഇളവ്

| ഇനം | ഭവന പദ്ധതി | അർബൻ ഇൻ ഫ്രാസ്ട്രക്ച്ചർ(U.I സ്കീം) | ആകെ |
|---|---|---|---|
| കൂട്ടുപലിശ | 78.49 | 77.04 | 155.53 |
| റിബേറ്റിൽ കുറവ് | 2.79 | 3.43 | 6.22 |
| പിഴപലിശ | 28.98 | 12.62 | 41.6 |
| ആകെ | 110.26 | 93.09 | 203.35 |

ഹഡ്കോ അനുവദിച്ച ഇളവ് ഒഴികെ കെ.യു.ആർ.ഡി.എഫ്.സി ഏറ്റെടുത്ത ലോൺ ബാദ്ധ്യത:

629.65+
ഫ്രണ്ട് എൻഡ് ഫീ : 1.38
--------------
631.03 ലക്ഷം

കരാറിലെ വ്യവസ്ഥകൾ പ്രകാരം 13.75% പലിശയും 2.5% പിഴപലിശയും മൂന്ന മാസത്തിലൊരിക്കൽ കൂട്ടുപലിശ വ്യവസ്ഥയിൽ നൽകേണ്ടതാണ്. 631.03 ലക്ഷം രൂപയിൽ 321.11242 ലക്ഷം രൂപ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഭവനം നിർമ്മിച്ച നൽകുന്നതിനും 309.91758 ലക്ഷം രൂപ അർബൻ ഇൻഫ്രാസ്ട്രക്ച്ചർ സ്കീമിനും വേണ്ടി എടുത്തിട്ടുള്ളതാണ്. ഹഡ്കോ ലോണിന് 2001 ൽ നിലവിലുണ്ടായിരുന്ന പലിശ നിരക്കായ 13.25 ശതമാനത്തേക്കാൾ 0.5 ശതമാനം അധിക നിരക്കിലാണ് അതായത് 13.75% നിരക്കിലാണ് കെ.യു.ആർ.ഡി.എഫ്.സി പലിശ നിശ്ചയിച്ചിരിക്കുന്നത്. തിരിച്ചടവിൽ മുടക്ക് വരുത്തുന്ന പക്ഷം 2.5% പിഴ പലിശയും നിശ്ചയിച്ചിരുന്നു. ടിഡ വിവിധ തീയതികളിലായി 31.03.2015 വരെ 11,96,86,901/- രൂപ തിരിച്ചടവ് നടത്തിയിട്ടുണ്ട്.

21.11.2009 ലെ സ.ഉ(സാധാ)നം. 222/09/ത.സ്വ.ഭ ഉത്തരവ് പ്രകാരം സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് ഭവനം(EWS)എടുത്ത വായ്പയിൽ 29,48,440/-രൂപയും 5.12.2012 ലെ സ.ഉ(സാധാ)നം.3372/2012/ത.സ്വ.ഭ.വ നം. ഉത്തരവ് പ്രകാരം താഴ്ന്ന വരുമാന വിഭാഗത്തിലുള്ളവർ (low income group) എടുത്ത

751129/- രൂപയും (ആകെ 36,99,569/-) സർക്കാർ എഴുതി തള്ളിയിട്ടുണ്ട്. മേൽ തുകകൾ കുറവ് വരുത്തിയതിനു ശേഷം **31.03.2015** ന് താഴെ പറയും പ്രകാരം കെ.യു.ആർ.ഡി.എഫ്.സി യ്ക്ക് ലോൺ കുടിശ്ശിക അടയ്ക്കുവാൻ അവശേഷിക്കുന്നു.

| ഇനം | ഭവന പദ്ധതി | അർബൻ ഇൻ ഫ്രാസ്ട്രക്ചർ (U.I സ്കീം) | ആകെ |
|---|---|---|---|
| ലോൺതുക | 32111242 | 30991758 | 63103000 |
| പലിശ (13.75%) | 105929884 | 105547957 | 211477841 |
| പിഴപലിശ (2.5%) | 633012 | 631635 | 1264647 |
| **ആകെ** | **138674138** | **137171350** | **275845488** |
| അടവ് | 60920633 + 3699569 (എഴുതിതള്ളിയ തുക) | 58766268 | 123386470 |
| **ബാക്കി** | **74053936** | **78405082** | **152459018** |

ട്രിഡ ഗ്യാരണ്ടി കമ്മീഷനായി 40445680/- രൂപ 31.03.2015 ൽ സർക്കാരിൽ അടച്ചിട്ടുണ്ട് . കെ.യു.ആർ.ഡി.എഫ്.സി കുടിശ്ശികയിനത്തിൽ അടയ്ക്കുവാനുള്ള തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നിയമം 7, 34 വകുപ്പുകൾ പ്രകാരം റവന്യൂ റിക്കവറി നടപടികൾക്കായി നോട്ടീസ് ട്രിഡ കൈപ്പറ്റിയിട്ടുണ്ട്. കെ.യു.ആർ.ഡി.എഫ്.സി യുമായുള്ള കരാർ പ്രകാരം 13.75% പലിശ്ശയും 2.5% പിഴപലിശയും മൂന്നുമാസത്തിലൊരിക്കൽ കൂട്ടുപലിശ വ്യവസ്ഥയിലാണ് കണക്കാക്കുന്നത്. ഹഡ്കോ പിന്നീട് വായ്പകളിന്മേൽ പലിശയിൽ മാറ്റം വരുത്തിയിരുന്നു. അതനുസരിച്ച് 31.12.2002 വരെ 13.5% വും 1.1.2003 മുതൽ 11% വുമായി കുറവ് വരുത്തിയിരുന്നു. എന്നാൽ കെ.യു.ആർ.ഡി.എഫ്.സി പലിശനിരക്ക് കുറച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.11/2014-15).

ഹഡ്കോ ഈടാക്കുന്ന അധിക പലിശ നിരക്കിൽ നിന്ന് മോചനം വേണം എന്ന ഉദ്ദേശത്തോടെയാണ് ട്രിഡ ഉൾപ്പെടെയുള്ളവയുടെ ലോൺ ബാദ്ധ്യത കെ.യു.ആർ.ഡി.എഫ്.സി യോട് ഏറ്റെടുക്കാൻ സർക്കാർ നിർദ്ദേശിച്ചത്. എന്നാൽ ഹഡ്കോയുടെ പലിശ നിരക്കിനേക്കാൾ കൂടിയ നിരക്കിലും പലിശ കോംപൌണ്ട് ചെയ്തും ഭീമമായ തുകയാണ് കെ.യു.ആർ.ഡി.എഫ്.സി ട്രിഡയുടെ ബാദ്ധ്യതയായി ചുമത്തിയിരിക്കുന്നത്.

കെ.യു.ആർ.ഡി.എഫ്.സി യുടെ വായ്പയ്ക്ക് കൂട്ടുപലിശ ഒഴിവാക്കി സാധാരണ പലിശ അനുവദിച്ചിരുന്നെങ്കിൽ പോലും ട്രിഡയ്ക്ക് ഫ്ളാറ്റുകളുടെ വില്പനയിൽ നിന്നും റവന്യൂ വരുമാനത്തിൽ നിന്നുമൊക്കെ തുക അടവു വരുത്തി കുടിശ്ശിക കുറയ്ക്കാൻ കഴിയുമായിരുന്നു . ട്രിഡ ഹഡ്കോയുടെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കിയ ഭവന വായ്പപദ്ധതിയുടെ എഴുതി തള്ളിയ തുക സർക്കാരിൽ നിന്നും ലഭ്യമാക്കാത്തതിനാൽ പ്രസ്തുത തുക ഹഡ്കോ വായ്പ ഏറ്റെടുത്ത കെ .യു.ആർ.ഡി.എഫ്.സി.ക്ക് പിഴപലിശ സഹിതം നൽകേണ്ട അവസ്ഥയാണ്.

കെ.യു.ആർ.ഡി.എഫ്.സി യുടെ വായ്പാ തുകയുടേയും കാലാകാലങ്ങളായി ട്രിഡ തിരിച്ച് ഒടുക്കിയതുകകളുടേയും ഒടുക്കുവാൻ അവശേഷിക്കുന്ന തുകയുടേയും വിശദാംശങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. 631 ലക്ഷം രൂപയുടെ ബാധ്യത ട്രിഡ 12.96 കോടി രൂപ അടച്ചിട്ടും 14 വർഷം കഴിഞ്ഞപ്പോൾ വീണ്ടും 15 കോടി അടയ്ക്കാൻ അവശേഷിക്കുന്നതായാണ് കെ.യു.ആർ.ഡി.എഫ്.സി യുടെ കണക്ക്. അടയ്ക്കുവാൻ അവശേഷിക്കുന്ന തുകയുടെ നിജസ്ഥിതി ട്രിഡയെ ബോദ്ധ്യപ്പെടുത്താൻ കെ .യു.ആർ.ഡി.എഫ്.സിയോട് ആവശ്യപ്പെടേണ്ടതാണ്.

റവന്യൂ റിക്കവറി നടപടികൾക്കായി റവന്യൂ അധികാരികൾക്ക് റവന്യൂ റിക്കവറി കമ്മീഷൻ ഇനത്തിലും തുക നൽകേണ്ടിവരുന്ന അധിക ബാധ്യത കൂടി ട്രിഡയുടെ ചുമലിൽ ആകുന്ന സ്ഥിതിയാണ് നിലവിൽ ഉള്ളത് . വിഷയം സർ ക്കാരിന്റെ ശ്രദ്ധയിൽപെടുത്തി കടബാദ്ധ്യത കുറയ്ക്കുന്നതിന് അടിയന്തിര നടപടികൾ കൈകൊള്ളേണ്ടതാണ്.

## 4(3) <u>തീർപ്പാക്കിയ ബാദ്ധ്യത</u>

**ഗ്യാരണ്ടി കമ്മീഷൻ**

1984-85 മുതൽ സർക്കാർ ഗ്യാരണ്ടിയിൽ ട്രിഡ ഹഡ്കോയിൽ നിന്നും ലോൺ സ്വീകരിച്ചിരുന്നു . ഫണ്ടിന്റെ അപര്യാപ്തത മൂലം സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടിയിരുന്ന ഗ്യാരണ്ടി കമ്മീഷൻ കുടിശ്ശികയായിരുന്നു.

1.04.2014 ലുണ്ടായിരുന്ന ഗ്യാരണ്ടി കമ്മീഷൻ കുടിശ്ശിക : 18438679

| | |
|---|---|
| പിഴപലിശ | : 22007001 |
| **ആകെ** | **: 40445680** |

31.03.2015 ലെ സ.ഉ(സാധാ)നമ്പർ ഉത്തരവ് പ്രകാരം ട്രിഡയ്ക്ക് പ്ലാൻ ഫണ്ടിൽ വകയിരുത്തിയിരുന്ന 25 കോടി രൂപയിൽ 40445680/- രൂപ റിലീസ് ചെയ്ത് പലിശ സഹിതമുള്ള ഗ്യാരണ്ടി കമ്മീഷൻ തുക ഒടുക്കു വരുത്തിയിട്ടുണ്ട്.

## 4(4) മുൻകൂറുകൾ ക്രമപ്പെടുത്തുന്നില്ല

ട്രിഡയിലെ ജീവനക്കാർക്ക് സ്ഥാപനത്തിന്റെ വിവിധ ചെലവുകൾ ക്കായി മുൻകൂർ തുക അനുവദിക്കാറുണ്ട്. മുൻകൂറുകൾ ഏതാവശ്യത്തിനാണോ അനുവദിച്ചത് അതിന്റെ വൗച്ചറുകൾ യഥാകാലം ഹാജരാക്കി തുക ക്രമീകരിക്കേണ്ടതാണ്. മുൻകൂർ തുക കൈപ്പറ്റി മൂന്നു മാസത്തിനകം മുൻകൂർ ക്രമപ്പെടുത്തിയില്ലെങ്കിൽ 419/11/ഫിൻ തീയതി 04.10.2011 - ലെ ഉത്തരവ് പ്രകാരം 18% നിരക്കിൽ പലിശ സഹിതം മുൻകൂർ കൈപ്പറ്റിയ ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. മുൻകൂർ രജിസ്റ്റർ പ്രകാരം 2008 വർഷം മുതലുള്ള ചുവടെ ചേർക്കുന്ന മുൻകൂർ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു.

| **വർഷം** | **അഡ്വാൻസ് കൈപ്പറ്റിയ ഉദ്യോഗസ്ഥൻ** | **വൗച്ചർ നം/ തീയതി** | **തുക** |
|---|---|---|---|
| 2008 | ശ്രീ.ടി.കെ ബിനീഷ്, എ.ഇ | 400 / 17.07.2008 | **2500** |
| 2009 | ശ്രീ.ടി.കെ ബിനീഷ്,എ.ഇ | 791 / 24.11.2009 | **2000** |
| 2011 | ശ്രീ.ഹരിപ്രസാദ്, എ.ഇ | 888 /19.12.2011 | **2500** |
| 2014 | ശ്രീമതി.മരിയ ജാസ്മിൻ, സി.ഡി | 1.10.2014 | **4500** |

ക്രമപ്പെടുത്താത്ത മേൽ തുകകൾ 18% പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 4(5) സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | - | ₹ 5,69,41,746.53 |
| വരവ് | - | ₹ 6,63,12,256.00 |
| **ആകെ** | **-** | **₹12,32,54,002.53** |
| ചെലവ് | - | ₹ 6,65,01,526.53 |
| **നീക്കിയിരിപ്പ്** | **-** | **₹ 5,67,52,476.00** |

**<u>നീക്കിയിരിപ്പ് വിശകലനം</u>**

എസ്.ബി.ടി വികാസ്ഭവൻ (അക്കൌണ്ട് നം.67175044269): ₹ 2,76,671.00

എസ്.ബി.ടി വികാസ്ഭവൻ (അക്കൌണ്ട് നം.57044155622): ₹ 9,51,424.00

എസ്.ബി.ടി വികാസ്ഭവൻ (അക്കൌണ്ട് നം.67017338976): ₹ 1,972.00

സബ് ട്രഷറി, വെള്ളയമ്പലം (അക്കൌണ്ട് നം.9059) : ₹ 51,42,316.00

സബ് ട്രഷറി, വെള്ളയമ്പലം (അക്കൌണ്ട് നം.19) : ₹ 5,17,01,139.00

---------------------

**ആകെ : ₹ 5,80,73,522.00**

**(-)പണമാകാത്ത ചെക്കുകൾ : ₹ 13,21,046.00**

---------------------

**ആകെ നീക്കിയിരിപ്പ് : ₹ 5,67,52,476.00**

**<u>31.03.2015 ൽ പണമാകാത്ത ചെക്കുകൾ</u>**

**സബ് ട്രഷറി, വെള്ളയമ്പലം (അക്കൌണ്ട് നം.9059)**

513536/21.03.15 - ₹6,99,729.00

513537/21.03.15 - ₹ 2,33,164.00

**ആകെ - ₹9,32,893.00**

**എസ്.ബി.ടി വികാസ്ഭവൻ (അക്കൌണ്ട് നം.57044155622)**

| | | |
|---|---|---|
| 223612/23.02.15 | - | ₹ 250.00 |
| 223613/23.02.15 | - | ₹ 250.00 |
| 223640/06.03.15 | - | ₹ 5,413.00 |
| 223652/11.03.15 | - | ₹ 1,950.00 |
| 223673/18.03.15 | - | ₹ 2,400.00 |
| 223680/19.03.15 | - | ₹ 1,23,590.00 |
| 223688/25.03.15 | - | ₹ 44,176.00 |
| 223690/25.03.15 | - | ₹ 12,000.00 |
| 223697/26.03.15 | - | ₹ 1,997.00 |
| 223707/30.03.15 | - | ₹ 8,093.00 |
| 223708/30.03.15 | - | ₹ 1,200.00 |
| 223710/30.03.15 | - | ₹ 1,63,121.00 |
| 199309/30.03.15 | - | ₹ 23,713.00 |

---------------------

**ആകെ - ₹ 3,88,153.00**

**ആകെ പണമാകാത്ത ചെക്കുകൾ**(9,32.893.00+3,88,153.00) - ₹**13,21,046.00**

**4(6) <u>ഓഡിറ്റ് ചാർജ്ജ്</u>**

2014-15 വർഷത്തെ ഓഡിറ്റ് ചാർജ് കണക്കാക്കാവുന്നആകെ വരവ് -31191248

ഓഡിറ്റ് ചാർജ്ജ് (1%) -311912.

31.3.2015 ൽ ഓഡിറ്റ് ചാർജ്ജിനത്തിൽ അടയ്ക്കാനവശേഷിക്കുന്ന തുക-4941907

2014-15 ലെ ഒടുക്കിയ തുക -ഇല്ല

ഓഡിറ്റ് ചാർജ്ജിനത്തിൽ ഒടുക്കാൻ അവശേഷിക്കുന്ന തുക -4941907

ഓഡിറ്റ് ചാർജ്ജ് ഇനത്തിൽ ഒടുക്കേണ്ട തുക 4941907/-രൂപ "0070-60-110-99 ഓഡിറ്റ് ചാർജ്ജ്"എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി ഒടുക്കുവിവരത്തിന്റെ അസൽ ചലാൻ ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അടയ്ക്കേണ്ടതാണ്.

**ഓഡിറ്റ് ചാർജ്ജ് വർഷം തിരിച്ചുള്ള കണക്ക്**

| വർഷം | തുക(₹) |
|---|---|
| 1996-97 | 76,310 |
| 1997-98 | 75,753 |
| 1998-99 | 6,56,862 |
| 1999-00 | 4,91,627 |
| 2000-01 | 3,06,687 |
| 2001-02 | 3,24,454 |
| 2002-03 | 2,11,149 |
| 2003-04 | 1,29,709 |
| 2004-05 | 70,416 |
| 2005-06 | 79,387 |
| 2006-07 | 2,29,511 |
| 2007-08 | 1,87,984 |
| 2008-09 | 79,556 |
| 2009-10 | 3,43,823 |
| 2010 -11 | 6,15,563 |
| 2011 -1 2 | 2,12,034 |
| 2012 -13 | 2,81,848 |

| | |
|---|---|
| 2013-2014 | 2,57,322 |
| 2014-2015 | 3,11,912 |
| **ആകെ** | **4941907** |

## 4(7) ഓഡിറ്റ് പ്രത്യവലോകനം

ആകെ വരവ് : 66312256/- രൂപ
ആകെ ചെലവ് : 66501526.53/- രൂപ
ചെലവിനങ്ങളിലുള്ള നഷ്ടം : ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക : 75843/- രൂപ

**(എ) വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം | നഷ്ടമായ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും വിലാസവും | ചാർജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്ന |
|---|---|---|---|---|
| ഇല്ല | | | | |

**(ബി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം** - ഇല്ല
**(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായ ഖണ്ഡിക** - ഇല്ല
**(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**
ബാധകമല്ല.

## 4(8) തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| **ക്രമ നം** | **ഓഡിറ്റ് റിപ്പോർട്ട് നമ്പർ,തീയതി** | **വർഷം** | **ഈ ഓഫീസിൽ നിന്നുള്ള അവസാന കത്തിടപാടിന്റെ നമ്പരും, തീയതിയും** |
|---|---|---|---|
| 1. | എ ൽ.എഫ്.കെ.എം2/1909/75 തീയതി 12.9.75 | 1974-75 | എൽ.എഫ്.ട്രിഡ എ 2/89/07 തീയതി 29.5.2008 |
| 2. | എ ല ്.എഫ്.കെ.എം2/2508/76 തീയതി :15.12.1976 | 1975-76 | എൽ.എഫ്.ട്രിഡ എ 2/89/07 തീയതി 29.5.2008 |

| | | | |
|---|---|---|---|
| 3. | എ<br>ൽ.എഫ്.കെ.എം1/1886/77<br>തീയതി 19.9.1977 | 1976–77 | എൽ.എഫ്.ടിഡ<br>എ 2/89/07<br>തീയതി 29.5.2008 |
| 4. | എ<br>ൽ.എഫ്.കെ.എം2/2559/78<br>തീയതി 16.12.78 | 1977–78 | എൽ.എഫ്.ടിഡ<br>എ 2/89/07<br>തീയതി 29.5.2008 |
| 5. | എൽ.എഫ്.റ്റി.ഡി14/986/80<br>തീയതി 6.6.1980 | 1978–79 | എൽ.എഫ്.ടിഡ<br>എ 2/89/07<br>തീയതി 29.5.2008 |
| 6. | എ<br>ൽ.എഫ്.റ്റി.ഡി.13/1066/83<br>തീയതി 23.7.83 | 1979–80 | എൽ.എഫ്.ടിഡ<br>എ 2/89/07<br>തീയതി 29.5.2008 |
| 7. | എ<br>ല<br>്.എഫ്.കെ.എം2/2559/78<br>തീയതി 16.12.78 | 1.4.80–<br>14.5.80 | എൽ.എഫ്.ടിഡ<br>എ 2/89/07<br>തീയതി 29.5.2008 |
| 8. | എ<br>ൽ.എഫ്.റ്റി.ഡി.13/1250/83<br>തീയതി 27.2.84 | 15.5.80–<br>31.3.81 | എൽ.എഫ്.ടിഡ<br>എ 2/89/07<br>തീയതി 29.5.2008 |
| 9. | എ<br>ൽ.എഫ്.റ്റി.ഡി.13/1251/85<br>തീയതി 12.3.1985 | 1981 – 82 | എൽ.എഫ്.ടിഡ<br>എ 2/89/07<br>തീയതി 29.5.2008 |
| 10. | എ<br>ൽ.എഫ്.റ്റി.ഡി.13/859/87<br>തീയതി 10.12.1987 | 1982–83 | എൽ.എഫ്.ടിഡ<br>എ 2/89/07<br>തീയതി 29.5.2008 |
| 11. | എ<br>ൽ.എഫ്.റ്റി.ഡി.11/1096/89<br>തീയതി 14.8.89 | 1983–84 | എൽ.എഫ്.ടിഡ<br>എ 2/89/07<br>തീയതി 29.5.2008 |
| 12. | എ<br>ൽ.എഫ്.റ്റി.ഡി.11/1853/90<br>തീയതി 8.4.91 | 1984–85 | എൽ.എഫ്.ടിഡ<br>എ 2/89/07<br>തീയതി 29.5.2008 |
| 13. | എൽ.എഫ്.റ്റി.ഡി.2/89/07<br>തീയതി 28.05.08 | 1985–86 | എൽ.എഫ്.ടിഡ<br>എ 2/89/07<br>തീയതി 29.5.2008 |
| 14. | എൽ.എഫ്.റ്റി.ഡി<br>2/200/2005<br>തീയതി 14.12.05 | 1986–87 | എൽ.എഫ്.ടിഡ<br>എ 2/89/07<br>തീയതി 29.5.2008 |
| 15. | എൽ.എഫ്.റ്റി.ഡി<br>2/200/2005<br>തീയതി 14.12.05 | 1987–88 | എൽ.എഫ്.ടിഡ<br>എ 2/89/07<br>തീയതി 29.5.2008 |

| | | | |
|---|---|---|---|
| 16. | എൽ.എഫ്.റ്റി.ഡി 2/200/2005 തീയതി 14.12.05 | 1988-89 | എൽ.എഫ്.ട്രിഡ എ 2/89/07 തീയതി 29.5.2008 |
| 17. | എൽ.എഫ്.റ്റി.ഡി 2/200/2005 തീയതി 14.12.05 | 1989-90 | എൽ.എഫ്.ട്രിഡ എ 2/89/07 തീയതി 29.5.2008 |
| 18. | എൽ.എഫ്.റ്റി.ഡി 2/200/2005 തീയതി 14.12.05 | 1990-91 | എൽ.എഫ്.ട്രിഡ എ 2/89/07 തീയതി 29.5.2008 |
| 19. | എൽ.എഫ്.റ്റി.ഡി 2/200/2005 തീയതി 14.12.05 | 1994-95 | എൽ.എഫ്.ട്രിഡ എ 2/89/07 തീയതി 29.5.2008 |
| 20 | എൽ.എഫ്.ട്രിഡ/89/07 തീയതി: 28.5.08 | 1991-92 | എൽ.എഫ്.ട്രിഡ എ 2/89/07 തീയതി 29.5.2008 |
| 21 | എൽ.എഫ്.ട്രിഡ/89/07 തീയതി: 28.5.08 | 1992-93, 1993-94 | എൽ.എഫ്.ട്രിഡ എ 2/89/07 തീയതി 29.5.2008 |
| 22 | എൽ.എഫ്.ട്രിഡ 2/264/99 തീയതി: 22.11.99 | 1996-97 | എൽ.എഫ്.ട്രിഡ എ 2/89/07 തീയതി 29.5.2008 |
| 23 | എ ൽ.എഫ്.ട്രിഡ 2/124/2000 തീയതി: 30.10.00 | 1997-98 | എൽ.എഫ്.ട്രിഡ എ 2/89/07 തീയതി 29.5.2008 |
| 24 | എൽ.എഫ്.ട്രിഡ 2/164/00 തീയതി: 10.07.01 | 1998-99 | എൽ.എഫ്.ട്രിഡ എ 2/89/07 തീയതി 29.5.2008 |
| 25 | എൽ.എഫ്.ട്രിഡ 2/150/01 തീയതി: 12.09.02 | 1999-2000 | എൽ.എഫ്.ട്രിഡ എ 2/89/07 തീയതി 29.5.2008 |
| 26 | എൽ.എഫ്.ട്രിഡ 2/150/01 തീയതി: 20.07.02 | 2000-01 | എൽ.എഫ്.ട്രിഡ എ 2/89/07 തീയതി 29.5.2008 |
| 27 | എൽ.എഫ്.ട്രിഡ 2/1216/03 തീയതി: 12.01.04 | 2001-2002 | എൽ.എഫ്.ട്രിഡ എ 2/89/07 തീയതി 29.5.2008 |
| 28. | എൽ.എഫ്.ട്രിഡ 2/54/04 തീയതി: 15.04.04 | 2002-2003 | എൽ.എഫ്.ട്രിഡ എ 2/89/07 തീയതി 29.5.2008 |
| 29. | എൽ.എഫ്.ട്രിഡ 2/65/05 | 2003-04 | എൽ.എഫ്.ട്രിഡ |

| | | | |
|---|---|---|---|
| | തീയതി: 25.05.05 | | എ 2/89/07 തീയതി 29.5.2008 |
| 30. | എൽ.എഫ്.ട്രിഡ 2/47/06 തീയതി: 26.04.05 | 2004-2005 | എൽ.എഫ്.ട്രിഡ എ 2/89/07 തീയതി 29.5.2008 |
| 31. | എൽ.എഫ്.ട്രിഡ 2/54/07 തീയതി: 30.08.2007 | 2005-2006 | എൽ.എഫ്.ട്രിഡ എ 2/89/07 തീയതി 29.5.2008 |
| 32 | എൽ.എഫ്.ട്രിഡ 2/56/08 തീയതി: 30.09.2008 | 2006-2007 | എൽ.എഫ്.ട്രിഡ 2/22/10 തീയതി 3.12.10/25.10.11 |
| 33. | എൽ.എഫ്.ട്രിഡ 2/113/09 തീയതി: 27.7.2009 | 2007-08 | എൽ.എഫ്.ട്രിഡ 2/22/10 തീയതി 3.12.10/25.10.11 |
| 34. | എൽ.എഫ്.ട്രിഡ 2/130/10 തീയതി: 7.12.2010 | 2008-2009 | എൽ.എഫ്.ട്രിഡ 2/14/12 തീയതി 21.06.12 |
| 35. | എൽ.എഫ്.ട്രിഡ 2/34/10 തീയതി: 21.01.2012 | 2009-2010 | എൽ.എഫ്.ട്രിഡ 2/34/10 തീയതി 21.12.2012 |
| 36. | എൽ.എഫ്.ട്രിഡ 2/09/11 തീയതി: 29.12.12 | 2010-11 | എൽഎഫ് ട്രിഡ 2/09/11 തീയതി 25.09.13 |
| 37. | എൽ.എഫ്.ട്രിഡ 2/109/12 തീയതി: 25.7.13 | 2011-12 | എൽഎഫ് ട്രിഡ 2/109/12 തീയതി 25.07.13 |
| 38 | കെ.എസ്.എ ട്രിഡ 2/92/2013 തീയതി 19.04.2016 | 2012-13 | എസ്.എ ട്രിഡ 2/92/2013 തീയതി 19.04.2016 |
| 39 | കെ.എസ്.എ ട്രിഡ 2/120/2014 തീയതി 30.11.2016 | 2013-14 | കെ.എസ്.എ ട്രിഡ 2/120/2014 തീയതി 30.11.2016 |

1974-75 കാലയളവ് മുതൽ നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ തുടർ നടപടികൾ സ്വീകരിക്കാനവശേഷിക്കുന്നു . ഓഡിറ്റു റിപ്പോർട്ടുകൾക്ക് യഥാകാലം മറുപടി ലഭ്യമാക്കി തുടർ നടപടികൾ വേഗത്തിലാക്കാനുള്ള ശ്രമം സ്ഥാപനത്തിന്റെ ഭാഗത്തുനിന്നുമുണ്ടാകേണ്ടതുണ്ട്. ചെയർമാൻ, മറ്റു ഭരണസമിതി അംഗങ്ങൾ എന്നിവർ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**അനുബന്ധം – I**
**ഓഡിറ്റ് സർട്ടിഫിക്കറ്റ്**

1994 – ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4), 1994 ലെ കേരള നഗരപാലികാ നിയമത്തിന്റെ വകുപ്പ് 295 (4) എന്നിവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം വികസന അതോറിറ്റിയുടെ 2014-15 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ 3-)ാം ഭാഗത്തിലെ ഖണ്ഡിക III(I)ൽ വിശദീകരിച്ചിട്ടുള്ളതുപോലെ 75843/- രൂപയുടെ തടസ്സം ഒഴികെ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യ പത്രിക തിരുവനന്തപുരം വികസന അതോറിറ്റിയുടെ 2014-15 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994 – ലെ കേരള നഗരപാലിക നിയമത്തിന്റെ 295(4) വകുപ്പും 2003 ജൂൺ -12 ലെ നമ്പർ 319/2003/ധന, തീയതി 12.06.2003 ഉത്തരവും അനുസരിച്ചാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**